# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പാണഞ്ചേരി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ (പി 11) 1205/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 17/03/2022
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പാണഞ്ചേരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പാണഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പാണഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ (പി 11) 1205/2021 തീയ്യതി: 17/03/2022

## തൃശ്ശൂർ ജില്ലയിലെ പാണഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ പാണഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 23-02-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 56 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 26 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. ബിന്ദു എസ് നായർ | ഡെപ്യൂട്ടി ഡയറക്ടർ | 04-08-2021 | 17-08-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 04-08-2021 | 17-08-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ഷോബി.വി.പി, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)

സദാനന്ദൻ.പി.ജി, ഓഡിറ്റ് ഓഫീസർ

വിദ്യ വിക്രമൻ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

സുനിത.ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ

ജയൻ.വി.എസ്, ഓഡിറ്റർ

ജോയ്സൻ.സി.ജെ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| അനിത.കെ.വി | പ്രസിഡന്റ് | 01-04-2020 | 10-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 11-11-2020 | 29-12-2020 |
| ശ്രീ.രവീന്ദ്രൻ.പി.പി | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ.പ്രദീപ്.കെ | സെക്രട്ടറി | 01-04-2020 | 05-03-2021 |
| ശ്രീ.വാസുദേവൻ.പി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 06-03-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.അംബിക.ഐ | അസി.സെക്രട്ടറി | 01-04-2020 | 29-07-2020 |
| ശ്രീ.വാസുദേവൻ.പി | അസി.സെക്രട്ടറി | 30-07-2020 | 31-03-2021 |
| ശ്രീമതി.സുജയ.എ.എസ് | അസി.എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീ.അഭിമന്യു.ടി.ആർ | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി.നിർമ്മലാദേവി.പി.സി | ഹെഡ്മിസ്ട്രസ്സ് | 01-04-2020 | 31-03-2021 |
| രമ്യ മോൾ.കെ.കെ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ഡോ.ശ്രീജ.വി | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, വാണിയമ്പാറ | 01-04-2020 | 31-03-2021 |
| ഡോ.സുഹാസ് നാരായണൻ.പി.കെ | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 01-04-2020 | 31-03-2021 |
| ഡോ.വിജോയ് ജോസഫ്.സി | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2020 | 31-01-2021 |
| ഡോ.ഹേന ജോയ് | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-02-2021 | 31-03-2021 |
| ഡോ.കെ.ജി.ലത | സീനിയർ വെറ്ററിനറി സർജ്ജൻ | 01-04-2020 | 31-05-2020 |

| | | | |
|---|---|---|---|
| ഡോ.സഹീർ അബ്ദു | സീനിയർ വെറ്ററിനറി സർജ്ജൻ | 01-06-2020 | 13-09-2020 |
| ഡോ.സിന്ധു.ആർ | സീനിയർ വെറ്ററിനറി സർജ്ജൻ | 14-09-2020 | 31-03-2021 |
| ശ്രീ.മഹേഷ്.വി.സി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |
| ശ്രീമതി.സിമി റോസ് ആൻഡ്രൂസ് | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 17-02-2021 |
| ഒഴിവ് | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 18-02-2021 | 31-03-2021 |
| ശ്രീമതി.സുമിത ബേബി | വി.ഇ.ഒ (കണ്ണാറ സർക്കിൾ) | 01-04-2020 | 31-03-2021 |
| ശ്രീമതി.മീര വാര്യർ.എച്ച് | വി.ഇ.ഒ (പട്ടിക്കാട് സർക്കിൾ) | 01-04-2020 | 31-03-2021 |
| ശ്രീ.ജസ്റ്റിൻ സെബാസ്റ്റ്യൻ | വി.ഇ.ഒ (വാണിയമ്പാറ സർക്കിൾ) | 01-04-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Shobby.V.P (Audit Officer, On 13-08-2021)<br>Last Updated By: Shobby.V.P (Audit Officer, On 16-03-2022) | 1-1 |
| 2 | ബജറ്റ് അപാകതകൾ<br>Written By: Shobby.V.P (Audit Officer, On 21-08-2021)<br>Last Updated By: Shobby.V.P (Audit Officer, On 16-03-2022) | 1-1-1 |
| 3 | വാർഷിക ധനകാര്യ പത്രിക<br>Written By: Vidya Vikraman (Asst. Audit Officer, On 13-08-2021)<br>Last Updated By: Shobby.V.P (Audit Officer, On 16-03-2022) | 1-2 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Vidya Vikraman (Asst. Audit Officer, On 13-08-2021)<br>Last Updated By: Shobby.V.P (Audit Officer, On 16-03-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Vidya Vikraman (Asst. Audit Officer, On 13-08-2021)<br>Last Updated By: Shobby.V.P (Audit Officer, On 16-03-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Jayan VS (Auditor, On 18-08-2021)<br>Last Updated By: Shobby.V.P (Audit Officer, On 16-03-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Shobby.V.P (Audit Officer, On 13-08-2021)<br>Last Updated By: Shobby.V.P (Audit Officer, On 16-03-2022) | 1-6 |
| 8 | ക്ഷേമപെൻഷനുകൾ<br>Written By: Jayan VS (Auditor, On 13-08-2021)<br>Last Updated By: Shobby.V.P (Audit Officer, On 16-03-2022) | 1-7 |
| 9 | ക്യാഷ് പരിശോധന<br>Written By: Joyson (Auditor, On 24-08-2021)<br>Last Updated By: Shobby.V.P (Audit Officer, On 16-03-2022) | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം<br>Written By: Shobby.V.P (Audit Officer, On 21-08-2021)<br>Last Updated By: Shobby.V.P (Audit Officer, On 16-03-2022) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Sunitha.R (Senior Grade Auditor, On 13-08-2021)<br>Last Updated By: Shobby.V.P (Audit Officer, On 16-03-2022) | 1-10 |
| 12 | വസ്തു നികുതി (റെസിഡൻഷ്യൽ- തൻവർഷം,കുടിശ്ശിക )-ഡിസിബി രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല.<br>Written By: Vidya Vikraman (Asst. Audit Officer, On 09-08-2021)<br>Last Updated By: Shobby.V.P (Audit Officer, On 16-03-2022) | 1-11 |
| 13 | വസ്തു നികുതി (നോൺ റെസിഡൻഷ്യൽ- തൻവർഷം,കുടിശ്ശിക )-ഡിസിബി രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല.<br>Written By: Vidya Vikraman (Asst. Audit Officer, On 09-08-2021)<br>Last Updated By: Shobby.V.P (Audit Officer, On 16-03-2022) | 1-12 |
| 14 | ലൈബ്രറി സെസ്സ്-ഡിസിബി രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല.<br>Written By: Vidya Vikraman (Asst. Audit Officer, On 09-08-2021)<br>Last Updated By: Shobby.V.P (Audit Officer, On 16-03-2022) | 1-13 |
| 15 | വസ്തു നികുതി മുൻകൂർ- വാർഷികകണക്കും ഡിസിബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല<br>Written By: Vidya Vikraman (Asst. Audit Officer, On 09-08-2021)<br>Last Updated By: Shobby.V.P (Audit Officer, On 16-03-2022) | 1-14 |

| | | |
|---|---|---|
| 16 | വസ്തു നികുതി-കൃത്യമായ ഡിമാന്റ് എൻഡി ഇല്ല.<br>Written By: Vidya Vikraman (Asst. Audit Officer, On 09-08-2021)<br>Last Updated By: Shobby.V.P (Audit Officer, On 16-03-2022) | 1-15 |
| 17 | "Other Liabilities" എന്ന ശീർഷകം പ്രകാരം ലഭിച്ച വരുമാനങ്ങൾഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ രേഖപ്പെടുത്തുകയോ, ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല<br>Written By: Vidya Vikraman (Asst. Audit Officer, On 14-08-2021)<br>Last Updated By: Shobby.V.P (Audit Officer, On 16-03-2022) | 1-16 |
| 18 | വരവിനങ്ങൾ-രജിസ്റ്ററുകൾ പൂർത്തീകരിച്ചിട്ടില്ല<br>Written By: Vidya Vikraman (Asst. Audit Officer, On 09-08-2021)<br>Last Updated By: Shobby.V.P (Audit Officer, On 16-03-2022) | 1-17 |
| 19 | ജേണൽ ബുക്ക്-വൌച്ചറുകൾ ഇല്ലാതെ രേഖപ്പെടുത്തലുകൾ നടത്തുന്നു.<br>Written By: Vidya Vikraman (Asst. Audit Officer, On 09-08-2021)<br>Last Updated By: Shobby.V.P (Audit Officer, On 16-03-2022) | 1-18 |
| 20 | അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾക്ക് പ്രതിമാസ ഡിമാന്റ് തയ്യാറാക്കുന്നില്ല<br>Written By: Vidya Vikraman (Asst. Audit Officer, On 09-08-2021)<br>Last Updated By: Shobby.V.P (Audit Officer, On 16-03-2022) | 1-19 |
| 21 | തൊഴിൽ നികുതി(ട്രേഡേഴ്സ്)/മുറി വാടക/ലേലം/ഡി&ഓ വാർഷിക കണക്കും രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല<br>Written By: Vidya Vikraman (Asst. Audit Officer, On 09-08-2021)<br>Last Updated By: Shobby.V.P (Audit Officer, On 16-03-2022) | 1-20 |
| 22 | ഗ്രാന്റ് വിനിയോഗിച്ചുള്ള ആസ്തികൾ-തത്തുല്യമായ തുക " Capital Contribution"ശീർഷകത്തിലേക്ക് മാറ്റിയില്ല<br>Written By: Vidya Vikraman (Asst. Audit Officer, On 14-08-2021)<br>Last Updated By: Shobby.V.P (Audit Officer, On 16-03-2022) | 1-21 |
| 23 | കിട്ടാനുള്ള തുക-സംശയാസ്പദമായ തുകക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയില്ല<br>Written By: Vidya Vikraman (Asst. Audit Officer, On 14-08-2021)<br>Last Updated By: Shobby.V.P (Audit Officer, On 16-03-2022) | 1-22 |
| 24 | ജേണൽ വൌച്ചർ- രേഖകളില്ലാതെ Prior Period ശീർഷകത്തിൽ ചെലവ് എഴുതുന്നു, വരുമാനമായി ക്രമീകരിക്കുന്നു<br>Written By: Vidya Vikraman (Asst. Audit Officer, On 14-08-2021)<br>Last Updated By: Shobby.V.P (Audit Officer, On 16-03-2022) | 1-23 |
| 25 | ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ എഴുതി തയ്യാറാക്കിയിട്ടില്ല.<br>Written By: Vidya Vikraman (Asst. Audit Officer, On 14-08-2021)<br>Last Updated By: Shobby.V.P (Audit Officer, On 16-03-2022) | 1-24 |
| 26 | ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ വർക് ഷീറ്റ്, ജേണൽ വൌച്ചർ എന്നിവ ലഭ്യമാക്കിയിട്ടില്ല<br>Written By: Vidya Vikraman (Asst. Audit Officer, On 14-08-2021)<br>Last Updated By: Shobby.V.P (Audit Officer, On 17-03-2022) | 1-25 |
| 27 | തൊഴിലുറപ്പ്പദ്ധതി -മൂലധനചെലവ് പഞ്ചായത്തിൽ ആസ്തിയാക്കിയിട്ടില്ല<br>Written By: Vidya Vikraman (Asst. Audit Officer, On 14-08-2021)<br>Last Updated By: Shobby.V.P (Audit Officer, On 19-11-2021) | 1-26 |
| 28 | പ്രതിമാസ ബാങ്ക് റീകൺസീലിയേഷൻ പത്രിക തയ്യാറാക്കിയിട്ടില്ല<br>Written By: Vidya Vikraman (Asst. Audit Officer, On 14-08-2021)<br>Last Updated By: Shobby.V.P (Audit Officer, On 16-03-2022) | 1-27 |
| 29 | പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ -അപ്രോപ്രിയേഷൻ കൺട്രോൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല<br>Written By: Vidya Vikraman (Asst. Audit Officer, On 14-08-2021) | 1-28 |

| | | |
|---|---|---|
| | Last Updated By: Shobby.V.P (Audit Officer, On 16-03-2022) | |
| 30 | വായ്പ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല<br>Written By: Vidya Vikraman (Asst. Audit Officer, On 14-08-2021)<br>Last Updated By: Shobby.V.P (Audit Officer, On 16-03-2022) | 1-29 |
| 31 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ ന്യൂനതകൾ ഉള്ളതിനാൽ ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല<br>Written By: Jayan VS (Auditor, On 14-08-2021)<br>Last Updated By: Shobby.V.P (Audit Officer, On 16-03-2022) | 1-30 |
| 32 | വാർഷികകണക്കുകൾ- സമർപ്പിക്കാത്ത പത്രികകൾ<br>Written By: Jayan VS (Auditor, On 14-08-2021)<br>Last Updated By: Shobby.V.P (Audit Officer, On 16-03-2022) | 1-31 |
| 33 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.<br>Written By: Vidya Vikraman (Asst. Audit Officer, On 09-08-2021)<br>Last Updated By: Shobby.V.P (Audit Officer, On 16-03-2022) | 1-32 |
| 34 | ലേലതുകയിൽ ജി.എസ്.ടി,ഫ്ലഡ് സെസ്സ് എന്നിവ ഈടാക്കിയില്ല<br>Written By: Joyson (Auditor, On 24-08-2021)<br>Last Updated By: Shobby.V.P (Audit Officer, On 16-03-2022) | 1-33 |
| 35 | മരങ്ങൾ സമയബന്ധിതമായി ലേലം ചെയ്യേണ്ടതാണ്<br>Written By: Joyson (Auditor, On 24-08-2021)<br>Last Updated By: Shobby.V.P (Audit Officer, On 16-03-2022) | 1-34 |
| 36 | വസ്തുനികുതി തെറ്റായി നിർണ്ണയിക്കുന്നു<br>Written By: Joyson (Auditor, On 24-08-2021)<br>Last Updated By: Shobby.V.P (Audit Officer, On 16-03-2022) | 1-35 |
| 37 | തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്<br>Written By: Joyson (Auditor, On 24-08-2021)<br>Last Updated By: Shobby.V.P (Audit Officer, On 16-03-2022) | 1-36 |
| 38 | ട്രേഡേഴ്സ് ലിസ്റ്റ് കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല.<br>Written By: Joyson (Auditor, On 24-08-2021)<br>Last Updated By: Shobby.V.P (Audit Officer, On 16-03-2022) | 1-37 |
| 39 | സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.<br>Written By: Joyson (Auditor, On 24-08-2021)<br>Last Updated By: Shobby.V.P (Audit Officer, On 16-03-2022) | 1-38 |
| 40 | ഹോംകോയിൽ നിന്ന് മരുന്ന് ലഭ്യമായിട്ടില്ല.<br>Written By: Shobby.V.P (Audit Officer, On 22-08-2021)<br>Last Updated By: Shobby.V.P (Audit Officer, On 16-03-2022) | 1-39 |
| 41 | ഗ്രാമപഞ്ചായത്തിനുള്ള സേവനങ്ങൾക്ക് GST നല്കേണ്ടതില്ല.<br>Written By: Shobby.V.P (Audit Officer, On 22-08-2021)<br>Last Updated By: Shobby.V.P (Audit Officer, On 16-03-2022) | 1-40 |
| 42 | ഹെഡ്മിസ്ട്രസ് നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ പദ്ധതികൾ -രേഖകൾ ഹാജരാക്കിയില്ല.14,92,593/- രൂപ തടസ്സം<br>Written By: Vidya Vikraman (Asst. Audit Officer, On 19-08-2021)<br>Last Updated By: Jayan VS (Auditor, On 25-08-2021) | 1-41 |
| 43 | പട്ടികജാതി,പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് പിവിസി വാട്ടർ ടാങ്ക്-ഒരേ സ്പെസിഫിക്കേഷനിൻ ഉള്ള സാധനങ്ങൾ വാങ്ങുന്നതിന് വ്യത്യസ്ത ടെണ്ടർ രീതികൾ സ്വീകരിച്ചു-41915/-രൂപയുടെ നഷ്ടം സംഭവിച്ചു<br>Written By: Vidya Vikraman (Asst. Audit Officer, On 23-08-2021)<br>Last Updated By: Shobby.V.P (Audit Officer, On 17-03-2022) | 1-42 |
| 44 | ക്ലീൻ പാണഞ്ചേരി-സമഗ്ര മാലിന്യ സംസ്കരണ പദ്ധതി -പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ<br>Written By: Vidya Vikraman (Asst. Audit Officer, On 24-08-2021)<br>Last Updated By: Shobby.V.P (Audit Officer, On 17-03-2022) | 1-43 |
| 45 | കൃഷി ഓഫീസർ നടപ്പിലാക്കിയ പദ്ധതി - അപാകതകൾ | 1-44 |

| | | |
|---|---|---|
| | Written By: Jayan VS (Auditor, On 23-08-2021)<br>Last Updated By: Shobby.V.P (Audit Officer, On 17-03-2022) | |
| 46 | പഞ്ചായത്ത് വാഹനത്തിന്റെ ലോഗ്ബുക്ക് പരിപാലിക്കുന്നതിലെ അപാകതകൾ<br>Written By: Jayan VS (Auditor, On 18-08-2021)<br>Last Updated By: Shobby.V.P (Audit Officer, On 19-11-2021) | 1-45 |
| 47 | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ<br>Written By: Jayan VS (Auditor, On 18-08-2021)<br>Last Updated By: Shobby.V.P (Audit Officer, On 19-11-2021) | 1-46 |
| 48 | സാമൂഹ്യ സുരക്ഷാ പെൻഷൻ - അപാകതകൾ<br>Written By: Jayan VS (Auditor, On 18-08-2021)<br>Last Updated By: Jayan VS (Auditor, On 18-08-2021) | 1-47 |
| 49 | ആയുർവ്വേദ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ- മരുന്നുകൾ ലഭ്യമായില്ല<br>Written By: Sunitha.R (Senior Grade Auditor, On 14-08-2021)<br>Last Updated By: Shobby.V.P (Audit Officer, On 17-03-2022) | 1-48 |
| 50 | ശുചിത്വ കക്കൂസ്<br>Written By: Sunitha.R (Senior Grade Auditor, On 14-08-2021)<br>Last Updated By: Sunitha.R (Senior Grade Auditor, On 14-08-2021) | 1-49 |
| 51 | ലൈഫ് ഭവന പദ്ധതി -ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല.<br>Written By: Sunitha.R (Senior Grade Auditor, On 14-08-2021)<br>Last Updated By: Jayan VS (Auditor, On 25-08-2021) | 1-50 |
| 52 | വീട് വാസയോഗ്യമാക്കൽ (ജനറൽ)- അഡ്വാൻസ് കൈപ്പറ്റിയ ഗുണഭോക്താക്കൾ നാളിതുവരെ നിർമ്മാണം പൂർത്തീകരിച്ചില്ല.<br>Written By: Sunitha.R (Senior Grade Auditor, On 14-08-2021)<br>Last Updated By: Jayan VS (Auditor, On 25-08-2021) | 1-51 |
| 53 | വീട് വാസയോഗ്യമാക്കൽ (പട്ടിക ജാതി)- ഗുണഭോക്താക്കൾ നാളിതുവരെ നിർമ്മാണം പൂർത്തീകരിച്ചില്ല.<br>Written By: Sunitha.R (Senior Grade Auditor, On 14-08-2021)<br>Last Updated By: Jayan VS (Auditor, On 25-08-2021) | 1-52 |
| 54 | ലൈഫ് ഗുണഭോക്താക്കൾക്ക് ടോയ് ലറ്റ് നിർമാണം<br>Written By: Sunitha.R (Senior Grade Auditor, On 14-08-2021)<br>Last Updated By: Jayan VS (Auditor, On 25-08-2021) | 1-53 |
| 55 | റോഡു പ്രവൃത്തികൾക്ക് 5% ന പകരം 10% ഓവർഹെഡ് ചാർജ്ജസ് അനുവദിച്ചിരിക്കുന്നു.<br>Written By: Shobby.V.P (Audit Officer, On 22-08-2021)<br>Last Updated By: Jayan VS (Auditor, On 25-08-2021) | 1-54 |
| 56 | ശ്മശാനം - മെഷീൻ വാങ്ങലും സ്ഥാപിക്കലും - 63 ലക്ഷത്തിലധികം രൂപ ചെലവഴിച്ചിട്ടും ശ്മശാനം പ്രവർത്തനക്ഷമമായിട്ടില്ല<br>Written By: P.G.Sadanandan (Audit Officer, On 21-08-2021)<br>Last Updated By: Shobby.V.P (Audit Officer, On 17-03-2022) | 1-55 |
| 57 | മണലിപ്പുഴയിലെ പ്രളയാവശിഷ്ടങ്ങൾ നീക്കം ചെയ്യൽ - ക്വട്ടേഷനോ ടെണ്ടറോ വിളിക്കാതെ 470230/- രൂപയുടെ പ്രവൃത്തി നടത്തി<br>Written By: P.G.Sadanandan (Audit Officer, On 21-08-2021)<br>Last Updated By: Shobby.V.P (Audit Officer, On 17-03-2022) | 1-56 |
| 58 | തെരുവ് വിളക്ക് അറ്റകുറ്റപ്പണികൾ - കുടുംബശ്രീ സർക്യൂട്ട് ടെക്നോളജിയെ ഏല്പിച്ചപ്പോൾ ചെലവ് കൂടി<br>Written By: P.G.Sadanandan (Audit Officer, On 21-08-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 21-08-2021) | 1-57 |
| 59 | സെക്രട്ടറി നടപ്പാക്കിയ പദ്ധതികൾ - രേഖകൾ ഹാജരാക്കാത്തതിനാൽ | 1-58 |

| | | |
|---|---|---|
| | ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: P.G.Sadanandan (Audit Officer, On 21-08-2021)<br>Last Updated By: Shobby.V.P (Audit Officer, On 17-03-2022) | |
| 60 | കമ്മ്യൂണിറ്റി ഹാൾ ബേസ് മെന്റ് ഫ്ലോർ നിർമ്മാണം - പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല<br>Written By: P.G.Sadanandan (Audit Officer, On 21-08-2021)<br>Last Updated By: Shobby.V.P (Audit Officer, On 19-11-2021) | 1-59 |
| 61 | പി എം സി ആയി പ്രവർത്തിക്കാൻ അനുമതിയുള്ള സ്ഥാപനത്തിന് നിർവ്വഹണ ചുമതല നൽകി<br>Written By: P.G.Sadanandan (Audit Officer, On 23-08-2021)<br>Last Updated By: Jayan VS (Auditor, On 25-08-2021) | 1-60 |
| 62 | കാലി ബാരലിന്റെ വില ഈടാക്കിയിട്ടില്ല.<br>Written By: Shobby.V.P (Audit Officer, On 22-08-2021)<br>Last Updated By: Jayan VS (Auditor, On 25-08-2021) | 1-61 |
| 63 | HMC- ഗവ. ആയുർവേദ ഡിസ്പെൻസറി ,പാണഞ്ചേരി വാർഷിക കണക്കുകൾ ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല<br>Written By: Shobby.V.P (Audit Officer, On 22-08-2021)<br>Last Updated By: Shobby.V.P (Audit Officer, On 16-03-2022) | 1-62 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | പട്ടികജാതി,പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് പിവിസി വാട്ടർ ടാങ്ക്-ഒരേ സ്പെസിഫിക്കേഷനിൻ ഉള്ള സാധനങ്ങൾ വാങ്ങുന്നതിന് വ്യത്യസ്ത ടെണ്ടർ രീതികൾ സ്വീകരിച്ചു-41915/-രൂപയുടെ നഷ്ടം സംഭവിച്ചു<br>Written By: Vidya Vikraman (Asst. Audit Officer, On 14-03-2022)<br>Last Updated By: Vidya Vikraman (Asst. Audit Officer, On 14-03-2022) | 3-1 |
| | **ഭാഗം 4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ചെലഴിച്ച ഫണ്ട് വിനിയോഗം<br>Written By: Sunitha.R (Senior Grade Auditor, On 07-08-2021)<br>Last Updated By: Jayan VS (Auditor, On 18-08-2021) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Sunitha.R (Senior Grade Auditor, On 07-08-2021)<br>Last Updated By: Jayan VS (Auditor, On 25-08-2021) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Sunitha.R (Senior Grade Auditor, On 07-08-2021)<br>Last Updated By: Sunitha.R (Senior Grade Auditor, On 07-08-2021) | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Sunitha.R (Senior Grade Auditor, On 07-08-2021)<br>Last Updated By: Jayan VS (Auditor, On 18-08-2021) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: Sunitha.R (Senior Grade Auditor, On 07-08-2021)<br>Last Updated By: Sunitha.R (Senior Grade Auditor, On 07-08-2021) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Sunitha.R (Senior Grade Auditor, On 07-08-2021)<br>Last Updated By: Sunitha.R (Senior Grade Auditor, On 07-08-2021) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുന്ന ഖണ്ഡികകളുടെ വിവരം<br>Written By: Sunitha.R (Senior Grade Auditor, On 07-08-2021)<br>Last Updated By: Sunitha.R (Senior Grade Auditor, On 07-08-2021) | 4-7 |
| 8 | ചാർജ്ജ്/സർച്ചാർജ്ജ് നടപടികളുടെ വിവരം<br>Written By: Sunitha.R (Senior Grade Auditor, On 07-08-2021)<br>Last Updated By: Sunitha.R (Senior Grade Auditor, On 07-08-2021) | 4-8 |

| | | |
|---|---|---|
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Sunitha.R (Senior Grade Auditor, On 07-08-2021)<br>Last Updated By: Shobby.V.P (Audit Officer, On 17-03-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Sunitha.R (Senior Grade Auditor, On 07-08-2021)<br>Last Updated By: Shobby.V.P (Audit Officer, On 17-03-2022) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

| | ബജറ്റ് പ്രകാരമുള്ള സംഖ്യ | റിവൈസ്ഡ് ബജറ്റ് പ്രകാരമുള്ള സംഖ്യ |
|---|---|---|
| വരവ് | 359334033 | 359970263 |
| ചെലവ് | 348342152 | 348945652 |

ഗ്രാമപഞ്ചായത്തിന്റെ ബജറ്റ്, 24.03.2020 തീയതിയിലെ പഞ്ചായത്ത് കമ്മിറ്റിയുടെ 1(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിക്കുകയുണ്ടായി. പുതുക്കിയ ബജറ്റ് 23.02.2021 തീയതിയിലെ 1(1)-ാം തീരുമാനപ്രകാരവും അംഗീകരിച്ചിട്ടുണ്ട്.

### 1-1-1 ബജറ്റ് അപാകതകൾ

ബജറ്റുമായി ബന്ധപ്പെട്ട് ഓഡിറ്റ് കാലയളവിലെ അപാകതകൾ താഴെ ചേർക്കുന്നു

( I) സ.ഉ (ആർ.റ്റി) 3291 / 16 തി 2-12-16 പ്രകാരം ബഡ്ജറ്റ് എസ്റ്റിമേറ്റുകളിന്മേൽ മാസാന്ത്യ വർഷാന്ത്യ അവലോകനം നടത്തിയിട്ടില്ല.

( Ii ) കേരള പഞ്ചായത്ത് നിയമം 214(7) ആവശ്യപ്പെടുന്നതു പ്രകാരം ബഡ്ജറ്റ് എസ്റ്റിമേറ്റിന്റെ പകർപ്പ് സംസ്ഥാന ഓഡിറ്റ് വകുപ്പിന് നൽകിയിട്ടില്ല.

മേൽപ്രകാരം അപാകതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കുന്നതിന് ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2021 | 29.06.2021 |

## 1-3 സാമ്പത്തിക വിശകലനം

| - | തുക (രൂപ) |
|---|---|
| മുന്നിരിപ്പ് | 45739442 |
| ഓഡിറ്റ് വർഷത്തെ വരവ് | 180886563 |
| ആകെ | 226626005 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 198399092 |
| നീക്കിയിരിപ്പ് | 28226913 |

## 1-4 ഫണ്ട് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ലാപ്സായ തുക |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | ഇല്ല | 55294513 | 55294513 | 46088791 | 9205722 |
| വികസനഫണ്ട് (എസ്.സി.പി) | ഇല്ല | 12326413 | 12326413 | 12106413 | 220000 |
| വികസനഫണ്ട് (ടി.എസ്.പി) | ഇല്ല | 3813742 | 3813742 | 3654890 | 158852 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | ഇല്ല | 41160416 | 41160416 | 24226309 | 16934107 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (ടൈഡ്) | ഇല്ല | 17880000 | 17880000 | 4664954 | 13215046 |
| മെയിന്റനൻസ് ഗ്രാന്റ് – റോഡ് | ഇല്ല | 21499000 | 21499000 | 19196145 | 2302855 |
| മെയിന്റനൻസ് ഗ്രാന്റ് – നോൺറോഡ് | ഇല്ല | 7769613 | 7769613 | 5214535 | 2555078 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചവ (എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|
| 602 | 282454053 | 305 | 176208852 | 184 | 113 | 50.66 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 386838 | 1138480 | 1525318 | 1441186 | 84132 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 47434021 | 47434021 | 47434021 | 0 |

## 1-7 ക്ഷേമപെൻഷനുകൾ

| പദ്ധതിയുടെ പേര് | ചെലവ് തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | ഇല്ല | ഇല്ല |
| കർഷകതൊഴിലാളി പെൻഷൻ | 1,03,02,800 | 714 |
| വിധവാ പെൻഷൻ | 3,39,14,200 | 2322 |
| വാർദ്ധക്യകാലപെൻഷൻ | 5,14,03,600 | 3834 |
| വികലാംഗപെൻഷൻ | 82,31,100 | 555 |
| 50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 21,38,700 | 150 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 4,20,000 | 14 |
| മിശ്രവിവാഹം | 1,00,000 | 2 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11-08-2021 തീയതിയിൽ 3.05 PM ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 66925/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണം ഫലപ്രദമല്ലാത്തതായി പരിശോധനയിൽ കണ്ടു. ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭിച്ചിട്ടുള്ള ഗ്രാമ പഞ്ചായത്തിൽ ഫയലുകൾ സൂക്ഷിക്കുന്ന സംവിധാനം ശരിയല്ല.

ഓഡിറ്റിന് ഫയലുകൾ ഹാജരാക്കുന്നതിന് അക്ഷന്തവ്യമായ കാലതാമസം നേരിടുകയുണ്ടായി. സാമ്പത്തികനില പരിശോധനക്കാവശ്യമായ ഫയലുകൾ, റജിസ്റ്ററുകൾ, മറ്റു രേഖകൾ, ആവശ്യമായ വിശദീകരണം എന്നിവ നല്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് സാധിച്ചിട്ടില്ല.

ഹെഡ്മാസ്റ്റർ നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രൊജക്ടുകളുമായി ബന്ധപ്പെട്ട ഫയലുകൾ തികച്ചും അലക്ഷ്യമായി സൂക്ഷിച്ചിട്ടുള്ളതും ആവശ്യമായ അനുബന്ധ രേഖകൾ ഇല്ലാത്തതും കണ്ടു.

ബഹുഭൂരിപക്ഷം മരാമത്തു പ്രവൃത്തികളും അടങ്കൽ തുക 5 ലക്ഷം കവിയാത്തവിധം നിർവഹിച്ചിട്ടുള്ളതായി പരിശോധനയിൽ കാണുന്നു.

ഇ ടെണ്ടർ ഒഴിവാക്കി പദ്ധതി പണം വിവിധ വാർഡുകളിലായി പങ്കു വെച്ച് ചെലവഴിക്കുന്ന പ്രവണത സംശയിക്കേണ്ട സാഹചര്യമുണ്ട്. ഓരോ വാർഡുകളിലെയും ഒരേ റോഡു പ്രവൃത്തികൾ തന്നെ തുടർന്നു വരുന്ന വർഷങ്ങളിൽ ഘട്ടം ഘട്ടമായി പൂർത്തിയാക്കുന്നതും ഒരേ പ്രവൃത്തിക്കു തന്നെ രണ്ടോ മൂന്നോ പ്രൊജക്ടുകൾക്ക് രൂപം കൊടുത്ത് നിർവഹിക്കുന്നതും പരിശോധനയിൽ കാണുന്നു.

ആഭ്യന്തര നിയന്ത്രണം ഉറപ്പു വരുത്തുന്നതിനുള്ള ശക്തമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | ജൂലായ് 2020 | 2020 ജനവരി മുതൽ മാർച്ച് വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 06.02.2019 – 20.02.2019 | 2013-14 മുതൽ 2017-18 വരെ | 01.04.2019 |

## 1-11 വസ്തു നികുതി (റെസിഡൻഷ്യൽ- തൻവർഷം,കുടിശ്ശിക )-ഡിസിബി രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല.

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്,കളക്ഷൻ,നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയർ -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും , ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

തൻവർഷം

റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 4132179 | 3816949 | 24297 | 295113 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 4132179 | 3812769 | 24297 | 295502* |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്,ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | ( 350410101-Advance Collection-PT On Res. Bldg-ന്റെ ലെഡ്ജർ) | *(310277 /105X100)= (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

31/03/2021 തീയതിയിൽ വൗച്ചർ നം. 42000325പ്രകാരം 24297/-രൂപ ക്രമീകരിച്ച് കാണുന്നു. 2019-20 വാർഷിക കണക്ക് പരിശോധനയിൽ 31.03.2020 ൽ 41900442, 41900446 എന്നീ വൗച്ചറുകൾ പ്രകാരം 199237/- രൂപ Prior Period Items എന്ന നോമിനൽ അക്കൗണ്ട് പ്രകാരം അഡ്വാൻസ് തുക സാങ്കൽപ്പികമായി ജേണൽ വൗച്ചർ മുഖേന വർദ്ധിപ്പിച്ചിരുന്നത് ഓഡിറ്റിൽ പരാമർശിച്ചിട്ടുണ്ട്. ആയതിനാൽ മേൽ തുക മുൻകൂർ ക്രമീകരിച്ചത് ഓഡിറ്റ് അംഗീകരിക്കുന്നില്ല.

കുടിശ്ശിക

റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 535531 | 401324 | 136085 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 532576 * | 399446 | 136610 ** |
| | *(2019-20 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (477497+81708=559205/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക ഷെഡ്യൂൾ | **(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (143440/105X100)=136610 |

| | | ആർ.പി-43) |
|---|---|---|

"സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് –(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

## 1-12 വസ്തു നികുതി (നോൺ റെസിഡൻഷ്യൽ- തൻവർഷം,കുടിശ്ശിക )-ഡിസിബി രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല.

നോൺ-റെസിഡൻഷ്യൽ(current)

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 5360480 | 4726676 | 91342 | 550450 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 5360480 | 4720668 | 89362 | 550634* |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | ( 350410104-Advance Collection-PT On NR Bldg-ന്റെ ലെഡ്ജർ) | *(578166 /105X100) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

*31.03.2021 തീയതിയിൽ വൗച്ചർ നം. 42900332 പ്രകാരം 89362/- രൂപ ക്രമീകരിച്ച് കാണുന്നു. 2019-20 വാർഷിക കണക്ക് പരിശോധനയിൽ 31/03/2020 ൽ 41900443 വൗച്ചർ പ്രകാരം 93523/- രൂപ Prior Period Items എന്ന നോമിനൽ അക്കൗണ്ട് പ്രകാരം അഡ്വാൻസ് തുക സാങ്കൽപ്പികമായി ജേണൽ വൗച്ചർ മുഖേന വർദ്ധിപ്പിച്ചത് പരാമർശിച്ചിട്ടുണ്ട്. ആയതിനാൽ മേൽ തുക മുൻകർ ക്രമീകരിച്ചത് ഓഡിറ്റ് അംഗീകരിക്കുന്നില്ല.

നോൺ-റെസിഡൻഷ്യൽ(arrear)

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 1204448 | 291797 | 915532 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 1201282 | 288916 | 915699 |
| | (2019-20 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) *(607532+653814=1261346/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | **(961484/105X100)=915699, ചെറിയ തുക വ്യത്യാസം, റൌണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു. (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

"സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു.ഡിമാന്റ് –(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

## 1-13 ലൈബ്രറി സെസ്സ്-ഡിസിബി രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല.

ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)

| | | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീകരിച്ചത് | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | തൻ വർഷം | കുടി ശ്ശിക | ആകെ | തൻ വർഷം | കുടി ശ്ശിക | ആകെ | | | തൻ വർഷം | കുടി ശ്ശിക | ആകെ |
| "സഞ്ചയ" സോഫ്റ്റ് വെയർ | റെസിഡ ൻഷ്യൽ | 210758 | 28976 | 1445501 | 194501 | 20489 | 214990 | 1267 | | 15164 | 7355 | 23180 |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| പ്രകാരം | നോൺ-റെസിഡൻഷ്യൽ | 271882 | 62112 | 333994 | 237317 | 14665 | 251982 | 4567 | | 27716 | 45952 | 74074 |
| | ആകെ | | | 1779495 | | | 466972 | | | | | 97254 |
| | | 184338 | | | 466435 | | | | 88151 | 96187 | | |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | | 88151+96187 =184338 (2019-20ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ, ബി-15,431910101 – State Govt. Cess/levies...... ലെഡ്ജർ 2018-19) | | | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-36(വരവ്)) | | | | (431910101 -State Govt . Cess/levies...... ലെഡ്ജർ 2018-19) | (ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15) | | |

തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 466435 രൂപയും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 466972 രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന “431910101 State Govt Cesses/levies In Property Tax Control Account” എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്റ്റ് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല എന്ന് മാത്രമല്ല, മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് ഈ രണ്ട് തുകയുമല്ല, മറിച്ച് 88151 രൂപയാണ്. (വൌച്ചർ നം. 4200035, തീ 01.04.2020 (27435+60716=88151).

"സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള ലൈബ്രറി സെസ്സിന്റെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു.ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

## 1-14 വസ്തു നികുതി മുൻകൂർ- വാർഷികകണക്കും ഡിസിബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31/3/2020 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ"സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്ര.ന | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകൾ |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues -Property Tax On Residential Building | 174349/- | 4756 |
| 2 | 350410104-Advance Collection Of Revenues -Property Tax On Non-Residential Building | 172460/- | 6776 |

## 1-15 വസ്തു നികുതി-കൃത്യമായ ഡിമാന്റ് എൻടി ഇല്ല.

1/4/2020 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2020-21 ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻടി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻടികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ

വൌച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2020-21 വർഷത്തിൽ പാണഞ്ചേരി ഗ്രാമപഞ്ചായത്തിൽ 410 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2020-21 ലെ "110100101-Property Tax On Residential Buiding"എന്ന ശീർഷകത്തിലേയും "110100103-Property Tax On Non Residential Buiding" എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2020-21 സാമ്പത്തിക വർഷത്തെ ഡിമാന്റ് 01.04.2020ൽ "110100101-Property Tax On Residential Buiding" എന്ന ശീർഷകത്തിൽ രണ്ട് എൻട്രിയും "110100103-Property Tax On Non Residential Buiding" എന്ന ശീർഷകത്തിൽ ഒരു എൻട്രിയു രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. "സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതി ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-16 "Other Liabilities" എന്ന ശീർഷകം പ്രകാരം ലഭിച്ച വരുമാനങ്ങൾഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ രേഖപ്പെടുത്തുകയോ, ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകം പ്രകാരം താഴെ ചേർത്തിരിക്കുന്ന വരുമാനങ്ങൾക്ക് മുൻകൂർ ആയി തുക ലഭിച്ചിട്ടുണ്ട്. എന്നാൽ അതാത് ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ മുൻകൂർ തുകയുടെ കണക്കുകൾ രേഖപ്പെടുത്തുകയോ, ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

| ക്ര.ന | വരുമാനം | മുൻകൂർ ശീർഷകം | 31/3/2021 ലെ മുൻകൂർ തുക |
|---|---|---|---|
| 1 | തൊഴിൽ നികുതി | 350410102-Advance Collection Of Revenues-Profession Tax /Inst/trad/prof | 489580 |
| 2 | ഡി &ഒ | 350410301-Advance Collection Of Revenues-Licence Fees For Dangerous And Offensive Trades | 375913 |

## 1-17 വരവിനങ്ങൾ-രജിസ്റ്ററുകൾ പൂർത്തീകരിച്ചിട്ടില്ല

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് {കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011,ചട്ടം58(2)(ഇ),(ജി)}. നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1.തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)

2തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)

3ഡി.&ഒ ഡിമാന്റ് രജിസ്റ്റർ

4വാടക ഡിമാന്റ് രജിസ്റ്റർ

5 പാരമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ

6 ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ററർ

7 ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ

## 1-18 ജേണൽ ബുക്ക്-വൌച്ചറുകൾ ഇല്ലാതെ രേഖപ്പെടുത്തലുകൾ നടത്തുന്നു.

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൌണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7)ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൌച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എന്ട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതി യിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക

വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-19 അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾക്ക് പ്രതിമാസ ഡിമാന്റ് തയ്യാറാക്കുന്നില്ല

2020-21 ൽ അസസ്സ്ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. എന്നാൽ മേൽ പ്രകാരം സെക്രട്ടറി രേഖാമൂലം പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ്/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്ട്രികൾ മുഖേന ചെയ്ത വരവിനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം. | വരവിനം | ഡിമാന്റ് ചേർക്കുന്ന ശീർഷകം | ഡിമാന്റ് | രേഖപ്പെടുത്തിയ തീയതി | വൗച്ചർ |
|---|---|---|---|---|---|
| 1. | കെട്ടിടങ്ങളിൽ നിന്നുള്ള വാടക | 130100101-Rent From Building | 1147678 | 01.04.2020 | 42000320 |
| 2. | തൊഴിൽ നികുതി (ട്രേഡേഴ്സ്) | 110200101-Profession Tax Institutions/Traders | 799410 | 01.04.2020 | 42000301 |

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻട്രികൾ/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ സാധുത നല്കുന്ന വൌച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-20 തൊഴിൽ നികുതി(ട്രേഡേഴ്സ്)/മുറി വാടക/ലേലം/ഡി&ഓ വാർഷിക കണക്കും രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല

തൊഴിൽ നികുതി (ട്രേഡേഴ്സ്)/മുറി വാടക/ലേലം/ഡി&ഓ എന്നിവയുടെ ഡി.സി.ബി തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

## 1-21 ഗ്രാന്റ് വിനിയോഗിച്ചുള്ള ആസ്തികൾ-തത്തുല്യമായ തുക " Capital Contribution"ശീർഷകത്തിലേക്ക് മാറ്റിയില്ല

31/3/2020 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B3 പ്രകാരം " Capital Contribution" എന്ന ഇനത്തിൽ നീക്കിയിരിപ്പ് 152333143 രൂപയാണ്. 31/3/2021 ലെ ബാലൻസ്ഷീറ്റിൽ നീക്കിയിരിപ്പായി ചേർത്തിരിക്കുന്നത് 154587319 രൂപയാണ്. തൻവർഷം കൂട്ടുതലായി ചേർത്തിരിക്കുന്നത് 2254176/-രൂപ യാണ്. ആയതിന്റെ വർക്ക്ഷീറ്റ് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

## 1-22 കിട്ടാനുള്ള തുക-സംശയാസ്പദമായ തുകക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതി ഇനത്തിലും, വാടകയിനത്തിലും കുടിശ്ശിക ഉണ്ട്. എന്നാൽ നികുതി, നികുതിയെതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി, സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീ.26/7/2011, കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011(ചട്ടം58(4)എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പാദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

## 1-23 ജേണൽ വൌച്ചർ- രേഖകളില്ലാതെ Prior Period ശീർഷകത്തിൽ ചെലവ് എഴുതുന്നു, വരുമാനമായി ക്രമീകരിക്കുന്നു

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-18) പ്രകാരം "280000000-Prior Period Item" എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18) | 31/3/2021ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100101-Prior Period Income -Property | (3761) |

| | |
|---|---|
| Tax On Residential Buildings | |
| 280100102-Prior Period Income Professioanl Tax Institutions/professionals /Traders | 17440 |
| 280100104-Prior Period Income-Property Tax On Non Residential Buildings | (3818) |
| 280200101-Prior Period Income-Rent From Building | (20678) |
| 280200401-Prior Period Income-Other Income | (600) |
| 280800101-Prior Period-Establishment Expenses | (21000) |
| 280800701-Prior Period- Miscellaneous Expenses | (1276445) |
| 280200201-Prior Period- Licence Fees | (3200) |

## 1-24 ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ എഴുതി തയ്യാറാക്കിയിട്ടില്ല.

ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ എഴുതി തയ്യാറാക്കിയിട്ടില്ല. ആയതിനാൽ വാർഷിക കണക്കിലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-7, ബി-18 എന്നിവയിലെ തുകകളുടെ കൃത്യത ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടില്ല.

## 1-25 ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ വർക് ഷീറ്റ്, ജേണൽ വൌച്ചർ എന്നിവ ലഭ്യമാക്കിയിട്ടില്ല

2020-21 വർഷത്തെ Income And Expenditureപത്രിക പ്രകാരം രൂപ 19843391/- ഡിപ്രിസിയേഷൻ കണക്കാക്കിയിട്ടുണ്ട്. എന്നാൽ ഇവ കണക്കാക്കിയതിന്റെ വർക് ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ ലഭ്യമാക്കിയിട്ടില്ല.

## 1-26 തൊഴിലുറപ്പ്പദ്ധതി -മൂലധനചെലവ് പഞ്ചായത്തിൽ ആസ്തിയാക്കിയിട്ടില്ല

തൊഴിലുറപ്പ്പദ്ധതിയുടെ കാഷ്ബുക്ക് പ്രകാരമുള്ള വരവ് ചെലവുകളും വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. കാഷ് ബുക്ക് പ്രകാരമുള്ള വരവ് 1573355.50 രൂപയും നീക്കിയിരിപ്പ് 1534317.84 രൂപയുമാണ്. എന്നാൽ വാർഷിക കണക്ക് പ്രകാരം വരവ് 1138480/- രൂപയും നീക്കിയിരിപ്പ് 93132/- രൂപയുമാണ്.

പദ്ധതി നടത്തിപ്പിനായി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം (ഷെഡ്യൂൾ I-6,I-14(a)) തൊഴിലുറപ്പ് പദ്ധതിയുടെ ആകെ വരുമാനവും റവന്യൂ ചെലവും 47434021/- രൂപയാണ്. എന്നാൽ തൊഴിലുറപ്പ് പദ്ധതിയുടെ രേഖകൾ പ്രകാരം ഈ തുകയിൽ പഞ്ചായത്തിൽ ആസ്തി നിർമിക്കുന്നതിനുള്ള 3834729/- രൂപയുടെ മൂലധനചെലവും ഉൾപ്പടുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | തുക |
|---|---|---|
| 1 | രാജീവ് ഗാന്ധി കോളനി റോഡ് കോൺക്രീറ്റ് റീച്ച് 1 | 209610 |
| 2 | ടി.കെ.ആർ റോഡ് കോൺക്രീറ്റ് | 138475 |
| 3 | ഒളകര കാടിനുള്ളിലേക്ക് പുതിയ മണ്ണ് റോഡ് നിർമ്മാണം റീച്ച് 1 | 168212 |
| 4 | വിലങ്ങന്നൂർ റോഡ് കോൺക്രീറ്റ് | 331386 |
| 5 | പൊട്ടിമട പുതിയ റോഡ് കോൺക്രീറ്റ് | 791741 |
| 6 | കനാൽപ്പുറം റോഡ് കോൺക്രീറ്റ് പൂവ്വൻചിറ റീച്ച് 1 | 316420 |
| 7 | കനാൽപ്പുറം റോഡ് കോൺക്രീറ്റ് പൂവ്വൻചിറ റീച്ച് 2 | 314915 |
| 8 | കനാൽപ്പുറം റോഡ് കോൺക്രീറ്റ് ചുവന്നമണ്ണ് പൂവ്വൻചിറ റീച്ച് 3 | 254896 |
| 9 | കനാൽപ്പുറം റോഡ് കോൺക്രീറ്റ് ചുവന്നമണ്ണ് പൂവ്വൻചിറ റീച്ച് 4 | 262323 |

| | | |
|---|---|---|
| 10 | മാനാംകോട് അമ്പലം റോഡ് കോൺക്രീറ്റ് പാണഞ്ചേരി | 176020 |
| 11 | പുതിയ റോഡ് നിർമ്മാണം താമരവെള്ളച്ചാൽ റീച്ച് 1 | 299252 |
| 12 | വെട്ടിക്കൽ റോഡ് കോൺക്രീറ്റ് വാർഡ് 14 | 334434 |
| 13 | ആയോട് റോഡ് കോൺക്രീറ്റ് | 237045 |
| | ആകെ | 3834729 |

ഈ തുക തെറ്റായി റവന്യൂവരുമാനവും ചെലവുമായി രേഖപ്പെടുത്തിയതിനാൽ ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട് പ്രകാരമുള്ള ആകെ വരുമാനം,ചെലവ് എന്നിവ 3384729/- രൂപ കൂടുതലായി കാണിക്കുന്നു. ബാലൻസ്ഷീറ്റിൽ 3384729/- രൂപയുടെ ആസ്തികളും, തത്തുല്യമായ തുകയ്ക്കുള്ള കാപ്പിറ്റൽ കോൺട്രിബ്യൂഷൻ തുകയും ഒഴിവാക്കപ്പെടുകയും ചെയ്തിട്ടുണ്ട്. ഇത് തിരുത്തേണ്ടതാണ്.

## 1-27 പ്രതിമാസ ബാങ്ക് റീകൺസീലിയേഷൻ പത്രിക തയ്യാറാക്കിയിട്ടില്ല

താഴെ ചേർത്തിരിക്കുന്ന ബാങ്ക് അക്കൗണ്ടുകളുടെ 2020-21വർഷത്തെ പ്രതിമാസ ബാങ്ക് റീകൺസീലിയേഷൻ പത്രിക തയ്യാറാക്കിയിട്ടില്ല. (കേരള പഞ്ചായത്ത് അക്കൗണ്ട് ചട്ടങ്ങൾ 2011(ചട്ടം 57))

| ക്രമ നം. | ശീർഷകം | ബാങ്ക് | അക്കൌണ്ട് നമ്പർ | വാർഷിക കണക്ക് പ്രകാരം 31.03.2021ലെ നീക്കിയിരിപ്പ് |
|---|---|---|---|---|
| 1 | 450210106 | State Bank Of India, Pattikkad | 67344572538 | 8451724 |
| 2 | 450210107 | State Bank Of India, Pattikkad, E-payment | ലഭ്യമല്ല | 1374390 |
| 3 | 450220101 | HDFC Bank Swiping | ലഭ്യമല്ല | 5677 |
| 4 | 450230102 | Pananchery Service Co-op. Bank, Own Fund-2 | 3980 | 145851 |
| 5 | 450250102 | Treasury Own Fund, VPFA1_2 | 799012900001106 | 14432914 |
| 6 | 450610101 | SMGB MGNREA | 40290100104174 | 93132 |
| 7 | 450610102 | SBT, MN Lakshamveedu | ലഭ്യമല്ല | 96119 |
| 8 | 450610104 | SMGB, Jalanidhi | 40290100103388 | 2587343 |
| 9 | 450610105 | SBI, Kannara, Literacy | 10554112880 | 211913 |
| 10 | 450620102 | Jalanidhi Susthira Padhadhi | ലഭ്യമല്ല | 8042 |
| 11 | 450650109 | Treasury Special TSB Joint Venture | 799013000000620 | 538863 |

## 1-28 പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ -അപ്രോപ്രിയേഷൻ കൺട്രോൾ സാക്ഷ്യപ്പെടുത്തി

സൂക്ഷിക്കുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ, ഗുണഭോക്തൃവിഹിതം എന്നീ ഇനങ്ങളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 | | |
|---|---|---|---|
| ക്രമ നമ്പർ | ശീർഷകം | ഇനം | തുക |
| 1 | 320100121 | Centrally Sponsored Scheme-ICDS | 3888438 |
| 2 | 320100199 | Centrally Sponsored Schemes-grants,funds&contributionsfor Specific Purpose-central Government | 34000 |
| 3. | 320100204 | Grants Funds&contribution For Specific Purposes-other Central Government Grants-local Area Development | 83398 |
| 4 | 320100299 | Grants Funds&contribution For Specific Purposes-other Central Government Grants-other Grants | 35000 |
| 5 | 320200322 | Grants From Suchithwa Mission | 508283 |
| 6 | 320300102 | Grants-funds&contribution For Specific Purposes-other Government Agencies -Jalanidhi | 2595385 |
| 7 | 320300199 | Grants-funds&contribution For Specific Purposes-other Government Agencies | 33148 |
| 8 | 320800101 | Beneficiary Contribution | 983339 |
| 9 | 320700204 | Contribution For Joint Venture Projects (For Revenue Expenditure)-Block Panchayat | 674244 |
| 10 | 320100101 | Centrally Sponsored Scheme-National Rural Employment Guarantee Act Seheme(NREGA) | 84132 |
| 11 | 320100115 | Centrally Sponsored Scheme-Total Sanitatio(TSC) | 2635714 |
| 12 | 350200301 | Recoveries Payable-COVID | 775201 |

## 1-29 വായ്പ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-5 പ്രകാരം ഹഡ്കോ വായ്പ ഇനത്തിൽ ലഭിച്ച 13997667/- രൂപ തിരിച്ചടവാക്കാൻ ശേഷിക്കുന്നുണ്ട്. ടി തുകയുടെ കൃത്യത പരിശോധിക്കാൻ വായ്പ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

## 1-30 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ ന്യൂനതകൾ ഉള്ളതിനാൽ ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2020-21 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 17512529/-രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2020-21 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 6296650/-രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-31 വാർഷികകണക്കുകൾ- സമർപ്പിക്കാത്ത പത്രികകൾ

1.വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011,ചട്ടം 62F)

2.സർക്കാർ ഉത്തരവ് (കൈ) 16/21 ത.സ്വ.ഭ.വ തീ 23/1/21 പ്രകാരം വാർഷിക കണക്കുകളോടൊപ്പം നിർബന്ധിതമാക്കിയിരുന്ന ഗ്രാന്റ് സ്റ്റേറ്റ്മെന്റ് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

## 1-32 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്. ആയത് കാലികമാകും വിധത്തിൽ തയ്യാറാക്കി ആധികാരികമായി സൂക്ഷിക്കേണ്ടതാണ്.

## 1-33 ലേലതുകയിൽ ജി.എസ്.ടി,ഫ്ലഡ് സെസ്സ് എന്നിവ ഈടാക്കിയില്ല

ലേല നോട്ടീസ് നം-ബി3-8220/20 തി.20.10.20 പ്രകാരം ഗ്രാമപഞ്ചായത്തിലെ പാഴ്വസ്തുക്കൾ 27/10/20 തിയ്യതിയിൽ ലേലം നടത്തിയിട്ടുണ്ട്.സുഭാഷ്,മലയൻ ഹൗസ്,പൂവ്വൻചിറ എന്നയാൾ 10100/-രൂപക്ക് ലേലം എടുത്തതായി കാണുന്നു.രശീതി നം.120060104644 തി 4.12.20 പ്രകാരമാണ് തുക അടവാക്കിയിട്ടുള്ളത്.ലേലതുകയിൽ ജി.എസ്.ടി, ഫ്ലഡ് സെസ്സ് എന്നിവ ഈടാക്കിയിട്ടില്ല.അതുപോലെ അസി.എഞ്ചീനിയറുടെ വാല്യൂവേഷൻ ഫയലിൽ കാണുന്നില്ല.ഇതുമായി ബന്ധപ്പെട്ട് ഓഡിററ് 26/12.8.21 നൽകി,മറുപടിയിൽ ജി.എസ്.ടി, ഫ്ലഡ് സെസ്സ് എന്നിവ ഈടാക്കുന്നതാണെന്നും, പേപ്പറുകളുംകേടുവന്ന ഫ്രെയിമുകളും ആയതിനാൽ വാല്യൂവേഷൻ ചെയ്തില്ലായെന്നുമാണ് അറിയിച്ചത്. അസി.എഞ്ചീനിയറുടെ വാല്യൂവേഷൻ സാക്ഷ്യ പത്രം ഇല്ലാതെ മറുപടി അംഗീകരിക്കാൻ സാധിക്കുകയില്ല.ആയതിനാൽ ഇത്തരം ലേലം നടപടികളിൽ അസി.എഞ്ചീനിയറുടെ വാല്യൂവേഷൻ (ഉണ്ടെങ്കിലും/ ഇല്ലെങ്കിലും)സാക്ഷ്യ പത്രം കൂടി എടുക്കേണ്ടതാണ്. ജി.എസ്.ടി, ഫ്ലഡ് സെസ്സ് എന്നിവ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-34 മരങ്ങൾ സമയബന്ധിതമായി ലേലം ചെയ്യേണ്ടതാണ്

ലേല പരസ്യനമ്പർ ബി3-3923/20 തി 8/6/20 പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വിവിധ വൃക്ഷങ്ങളായ ആൽമരം, മഴമരം (മുറിച്ചത്), ഇലവ് മരം എന്നിവ ലേലം ചെയ്യുന്നതിന് തീരുമാനിച്ചു. വാല്യൂവേഷൻ പ്രകാരം ആൽമരത്തിന് 28,662/-രൂപയും, മുറിച്ചിട്ടിരിക്കുന്ന മഴമരത്തിന് 18,059/-രൂപയും, ഇലവ് മരത്തിന് 58893/-രൂപയും വാല്യൂവേഷനുണ്ട്. ലേലം നടന്നതിന്റെയോ ലേലതുക അടവാക്കിയതിന്റെയോ രേഖകളൊന്നും തന്നെ ഫയലിൽ കാണുന്നില്ല. ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി 26/12.8.21 നൽകി, മറുപടിയിൽ ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. ലേലം ചെയ്യാതെ മുറിച്ചിട്ടിരിക്കുന്ന മഴമരത്തിന് ഏകദേശം ഒന്നര വർഷം കാലപ്പഴക്കം ആയി. ആയതിനാൽ മരങ്ങൾ ലേലം ചെയ്യുന്നതിനു അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-35 വസ്തുനികുതി തെറ്റായി നിർണ്ണയിക്കുന്നു

1.ഗ്രാമപഞ്ചായത്തിലെ 100 ച.മീറ്ററിന് മുകളിലുള്ള വാണിജ്യ കെട്ടിടങ്ങൾക്ക് വസ്തുനകുതി ച.മീറ്ററിന് 60രൂപ നിരക്കിലാണ് കമ്മിറ്റി തീരുമാന പ്രകാരം നിശ്ചയിച്ചിട്ടുള്ളത്.എന്നാൽ താഴെ പറയുന്ന 100 ച.മീറ്ററിന് മുകളിലുള്ള വാണിജ്യ കെട്ടിടങ്ങൾക്ക് വസ്തുനികുതി ച.മീറ്ററിന് 40രൂപ നിരക്കിൽ തെറ്റായി നിർണ്ണയിച്ചിട്ടുള്ളതായി കാണുന്നു

| ക്രമ | കെട്ടിട നം | ഉടമസ്ഥന്റെ പേര് | വിസ് തീർണ്ണം(ച.മീ) | വസ്തുനികുതി (40/ച.മീ) |
|---|---|---|---|---|
| 1 | 16/535A | പ്രസിഡന്റ്,പാണഞ്ചേരി എസ്.സി.ബി | 247.32 | 12466 (BT+LC) |
| 2 | 12/404A | പ്രസിഡന്റ്, പീച്ചി ബാഡ്മിന്റൺ അക്കാദമി | 184.7 | 6207 (BT+LC) |
| 3 | 23/146F | പ്രസിഡന്റ്, മുടിക്കോട് മുസ്ലിം മഹല്ല് ജമാത്ത് | 120.34 | 5764 (BT+LC) |
| 4 | 13/493A | അസി.എക്സി.എഞ്ചിനീയർ, ഹെഡ് വർക്കേഴ്സ് സബ് ഡിവിഷൻ | 242.55 | 12226(BT+LC) |

വസ്തുനികുതി തെറ്റായി നിർണ്ണയിക്കുന്നതുമൂലം ഗ്രാമപഞ്ചായത്തിന്റെ തനതുഫണ്ടിൽ നഷ്ടം സംഭവിക്കുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി 46/17.8.21,52/17.8.21 എന്നിവ നൽകി, മറുപടി ലഭ്യമാക്കിയില്ല.ആയതിനാൽ മേൽപ്പറഞ്ഞ കെട്ടിടങ്ങളുടെ വസ്തുനികുതി പുനർ നിർണ്ണയിച്ച് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2.ഗ്രാമപഞ്ചായത്തിലെ 100 ച.മീറ്ററിന് മുകളിലുള്ള വാണിജ്യ കെട്ടിടങ്ങൾക്ക് വസ്തുനികുതി ച.മീറ്ററിന് 60രൂപ നിരക്കിലാണ് കമ്മിറ്റി തീരുമാന പ്രകാരം നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ താഴെ പറയുന്ന 100 ച.മീറ്ററിന് മുകളിലുള്ള വാണിജ്യ കെട്ടിടത്തിന് വസ്തുനികുതി ച.മീറ്ററിന് 40രൂപ നിരക്കിൽ തെറ്റായി വസ്തുനകുതി നിർണ്ണയിച്ചിട്ടുള്ളതായി കാണുന്നു

| ക്രമ | കെട്ടിട നം | ഉടമസ്ഥന്റെ പേര് | വിസ് തീർണ്ണം(ച.മീ) | വസ്തുനികുതി(40/ച.മീ) |
|---|---|---|---|---|
| 1 | 3/915F | വിനോദ്, ഗിരിജാവല്ലഭന്, രായിരത്ത് | 41.93 | 1903 |

| | | | | |
|---|---|---|---|---|
| | | ഹൗസ് | | |
| 2 | 3/915G | വിനോദ്, ഗിരിജാവല്ലഭൻ | 41.93 | 1903 |
| 3 | 3/915H | " “ | 7.62 | 347 |
| 4 | 3/915L | " “ | 53.9 | 2447 |
| 5 | 3/915j | " “ “ | 32.78 | 1488 |
| 6 | 3/915k | " “ | 32.78 | 1488 |
| | | | | |

മുകളിൽ പറഞ്ഞിട്ടുള്ള കെട്ടിടങ്ങൾ വിനോദ്, ഗിരിജാവല്ലഭൻ, രായിരത്ത് ഹൗസ് എന്നയാളുടെ 100 ച.മീറ്ററിന് മുകളിലുള്ള വാണിജ്യ കെട്ടിടമാണ്. എന്നാൽ കെട്ടിടത്തിന് വിവധ നമ്പറുകളായി വിഭജിച്ച് വസ്തുനികുതി നിർണ്ണയിക്കുമ്പോൾ 100 ച.മീ താഴെയുള്ള വാണിജ്യ കെട്ടിടങ്ങളുടെ വസ്തുനികുതിയായ 40രൂപ/ച.മീ നിരക്കിൽ വസ്തുനികുതി നിർണ്ണയിക്കുന്നു.വസ്തുനികുതി തെറ്റായി നിർണ്ണയിക്കുന്നതുമൂലം ഗ്രാമപഞ്ചായത്തിന്റെ തനതുഫണ്ടിൽ നഷ്ടം സംഭവിക്കുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി 46/17.8.21 നൽകി, മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ഇത്തരത്തിൽ തെറ്റായി വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ള കെട്ടിടങ്ങളുടെ നികുതി പുനർ നിർണ്ണയിച്ച് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-36 തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്

1.

| ക്രമ | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | മാക്സ് വാല്യൂ ക്രെഡിറ്റ്&ഇൻവെസ്റ്റ്മെന്റ് | II |
| 2 | ആശാരിക്കാട് ഗ്രാമീണ സഹകരണ സംഘം | I,II |
| 3 | സെന്റ് ആന്റൺ വിദ്യപീഠം | II |
| 4 | പി.എച്ച്.സി,വാണിയംമ്പാറ | II |
| 5 | വൈൽഡ് ലൈഫ് ഡിവിഷൻ പീച്ചി | II |
| 6 | വാണിയംമ്പാറ ഫോറസ്റ്റ് സ്റ്റേഷൻ | II |
| 7 | കുടുംബശ്രീ ഓഫീസ് | Ii |
| 8 | ശ്രീഭദ്ര വിദ്യ മന്ദിർ | II |
| 9 | റിലയൻസ് റീട്ടെയിൽ | II |
| 10 | ഫോറസ്റ്റ് റേഞ്ച് ഓഫീസർ | II |
| 11 | പോസ്റ്റോഫീസ്,പീച്ചി | II |
| 12 | സീനിയർ വെറ്ററിനറി സർജൻ,വാണിയംമ്പാറ | II |
| 13 | പീച്ചി ഫാർമസി | II |
| 14 | പീച്ചി ഹോസ്പിറ്റൽ | II |
| 15 | സെന്റ് ബേസിൽ ക്രഷർ യൂണിറ്റ് | I,II |
| 16 | സെന്റ് ബേസിൽ ക്വാറി യൂണിറ്റ് | II |
| 17 | സെന്റ് അൽഫോൺസ് സ്കൂൾ,പട്ടിക്കാട് | II |
| 18 | പീച്ചി സർവ്വീസ് സഹകരണ ബാങ്ക് | II |
| 19 | സി.എച്ച്.സി,വെള്ളാനിക്കര | II |
| 20 | ബി.ഡി.ഒ പാണഞ്ചേരി | II |
| 21 | മേസർ കോളേജ്,പട്ടിക്കാട് | II |
| 22 | ജി.റ്റി.എസ്,പാണഞ്ചേരി | II |
| 23 | ഹോട്ടൽ ഹൈവേ പാലസ് | II |
| 24 | ഹോട്ടൽ ഹൈവേ പാലസ് ഇൻ | II |
| 25 | പോസ്റ്റോഫീസ്,ചുവന്നമണ്ണ് | I,II |
| 26 | ബി.എസ്.എൻ.എൽ | I,II |
| 27 | പാണഞ്ചേരി മാർക്കറ്റിംഗ് & പ്രോസ്സസിങ്ങ് കോപ്പറേറ്റീവ് സൊസൈറ്റി | I |
| 28 | ത്രിവേണി സൂപ്പർ മാർക്കറ്റ് | I,II |
| 29 | ആൽപ്പാറ ക്ഷീരോത്പ്പാദന സഹകരണ സംഘം | I,II |
| 30 | യൂണിവേഴ്സൽ സൂപ്പർ മാർക്കറ്റ് | I,II |
| 31 | ഫുഡ്&ഫൺ റസ്റ്റോറന്റ് | I,II |
| 32 | ജി.കെ | I,II |

| | | |
|---|---|---|
| 33 | മത്സ്യഫെഡ് | I,II |
| 34 | മാവേലി സ്റ്റോർ | I,II |
| 35 | പൂവൻച്ചിറ ക്ഷീരോത്പ്പാദന സഹകരണ സംഘം | I,II |
| 36 | സെഡിമെന്റേഷൻ ഡിവിഷൻ | II |
| 37 | പോസ്റ്റോഫീസ്,പൂവൻച്ചിറ | I,II |
| 38 | ടീംസ് ഗ്ലോബൽ വില്ലേജ് അക്കാദമി | I,II |
| 39 | വാണിയമ്പാറ ക്ഷീരോത്പ്പാദന സഹകരണ സംഘം | I,II |
| 40 | പോസ്റ്റോഫീസ്,പീച്ചി | II |
| 41 | ശ്രീനാരായണ വിദ്യ നികേതൻ | I,II |

മുകളിൽ പ്രസ്താവിച്ചിട്ടുള്ള സ്ഥാപനങ്ങളൊന്നും തന്നെ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയതായി കാണുന്നില്ല.ആയതിനാൽ ഈ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി പലിശസഹിതം ഈടാക്കേണ്ടതാണ്.

2.ലൈസൻസ് നം.176/20-21,അപേക്ഷ നം എ4-1800/20 തി. 25.2.20 പ്രകാരം ശ്രീ.പോൾ ജോസഫ് .കെ,മാനേജിംഗ് പാർട്ട്നർ എന്നവർക്ക് ഹൈപ്പർ മാർക്കറ്റ്,റെസ്റ്റോറന്റ്,ലോഡ്ജ്,കൺവെൻഷൻ സെന്റർ എന്നിവ പ്രവർത്തിക്കുന്നതിന് ലൈസൻസ് നൽകിയിട്ടുണ്ട്.5 വർഷത്തേക്കാണ് ലൈസൻസ് അനുവദിച്ചിട്ടുള്ളത്.12500/-(2500x5)രൂപയാണ് സ്ഥാപന തൊഴിൽ നികുതിയായി ഈടാക്കിയത്.അതായത് 4 സ്ഥാപനങ്ങളെ ഒന്നായി കണക്കാക്കിയാണ് സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നത്.ഇതുമൂലം 3 സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഗ്രാമപഞ്ചായത്തിന് നഷ്ടമാകുന്നു.ആയതിനാൽ സ്ഥാപനതൊഴിൽ നികുതി ഓരോ സ്ഥാപനത്തിൽ നിന്നും ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്.

3.ലൈസൻസ് നം.67,68,69,70,71,72/20-21 എന്നിവ പ്രകാരം ശ്രീ.എ.പി ജോർജ്ജ്,വഴക്കുപാറ,ചുവന്നമണ്ണ് എന്നവർക്ക് മേക്കാട്ടിൽ ട്രേഡിങ്ങ് ഏജൻസി,മേക്കാട്ടിൽ ട്രേഡിങ്ങ് കോ എന്നി 8 സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിനായി ലൈസൻസ് നൽകിയിട്ടുണ്ട്.2500/-(2500x1)രൂപയാണ് സ്ഥാപന തൊഴിൽ നികുതിയായി ഈടാക്കിയിട്ടുള്ളത്.അതായത് 8 സ്ഥാപനങ്ങളെ ഒന്നായി കണക്കാക്കിയാണ് സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നത്.ഇതുമൂലം 7 സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഗ്രാമപഞ്ചായത്തിന് നഷ്ടമാകുന്നു.ആയതിനാൽ സ്ഥാപനതൊഴിൽ നികുതി ഓരോ സ്ഥാപനത്തിൽ നിന്നും ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്.

## 1-37 ട്രേഡേഴ്സ് ലിസ്റ്റ് കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല.

ട്രേഡേഴ്സ് ലിസ്റ്റ് കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല. സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം 2048 താമസേതരകെട്ടിടങ്ങൾക്ക് കെട്ടിടനമ്പർ അനുവദിച്ചിട്ടുണ്ട്.എന്നാൽ എഴുന്നൂറിൽ താഴെ സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ് എടുക്കുന്നത്. ആയതിനാൽ വാർഡുകളിൽ ഫീൽഡ് പരിശോധന നടത്തി ട്രേഡേഴ്സ് ലിസ്റ്റ് കൃത്യമായി എഴുതി സൂക്ഷിച്ച്, അനധികൃതമായി പ്രവർത്തിച്ചു വരുന്ന സ്ഥാപനങ്ങളെ ലൈസൻസ് പരിധിയിൽ കൊണ്ടുവരേണ്ടതാണ്.

## 1-38 സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

1)ആശിർവാദ് മൈക്രോ ഫിനാൻസ് ലിമിറ്റഡ് I,II

2)ക്ഷീരോൽപാദന സഹകരണ സംഘം I,II

3) ഇന്ത്യൻ കോഫീ ഹൗസ് I,II

4)ടീം ഗ്ലോബൽ വില്ലേജ് അക്കാദമി തളിക്കോട് I,II

5)ശ്രീഭദ്ര വിദ്യാമന്ദിർ I,II

6)മെക്കാട്ടിൽ ഏജൻസീസ് I,II

7)ധർമ്മോദയം ഹോസ്പിറ്റൽ I,II

8)സെൻറ് ബോസിൽ ഗ്രാനൈറ്റ് ക്വാറി I,II

9)സെൻറ് ബോസിൽ ഗ്രാനൈറ്റ് ക്രഷർ I,II

10) ചുവന്നമണ്ണ് ക്ഷീരോത്പാദന സഹകരണ സംഘം I,II

11)ചാലം പാടം ക്ഷീരോത്പാദന സഹകരണ സംഘം I,II

12) ബി.എസ്.എൻ.എൽ I,II

13) എസ്.ബി.ഐ പീച്ചി I,II

14)എം.ജി.എം ഓട്ടോസ്, മാരക്കൽ II

15)മെക്കാട്ടിൽ ട്രേഡിങ് കമ്പനി, വഴക്കംപാറ I,II

16) കോംഫോംസ് ലിമിറ്റഡ്, വാണിയംപാറ I,II

17) താണിപ്പാടം മിൽക്ക് സൊസൈറ്റി I,II

18) ഹൈട്ടെക്ക് ഏജൻസ്, മാരക്കൽ I,II

19)മാരയ്ക്കൽ ക്ഷീരോത്പാദന സഹകരണ സംഘം I,II

20) മുല്ലമുക്ക് ക്ഷീരോത്പാദന സഹകരണ സംഘം I,II

21) എക്സൽ പബ്ലിഷേഴ്സ് I,II

22)ലൈഫ് മെഡിക്കൽ സെന്റർ, മുടിക്കോട് I,II

23)ആലീസ് ഹോസ്പിറ്റൽ I,II

24)മാക്സ് വാല്യൂ ക്രെഡിറ്റ് ഇൻവെസ്റ്റ്മെന്റ് I,II

25)എസ്.ബി.ഐ പട്ടിക്കാട് I,II

26) ആശാരിക്കാട് ഗ്രാമീണ സഹകരണസംഘം I,II

27)സി.എസ്.ബി. പട്ടിക്കാട് I,II

28)കെ.എസ്.എഫ്.ഇ, പട്ടിക്കാട് II

29)പൂരം ഫിൻ സെർവ് പ്രൈവറ്റ് ലിമിറ്റഡ് II

30)വാണിയംമ്പാറ ക്ഷീരോത്പാദന സഹകരണ സംഘം I,II

31)സപ്ലൈക്കോ I,II

32)ഇസാഫ് II

33)കെ.എസ്.ഇ.ബി I,II

34)തൃശ്ശൂർ അർബൺ കോപ്പറേറ്റീവ് ബാങ്ക് I

35) കെ.റ്റി.ഡി.സി I,II

36)മണപ്പുറം ഫിനാൻസ് I,II

37)ധനശക്തി ഫിനാൻസ് I,II

38)ഇസാഫ് പബ്ലിക്കേഷൻസ് I,II

39)ഫെഡറൽ ബാങ്ക് I,II

40)കേരള ഗ്രാമീൺ ബാങ്ക് I,II

41)കൊശമറ്റം ഫിനാൻസ് I,II

42)മുത്തൂറ്റ് ഫിൻ കോർപ്പ് I,II

43)എസ്.എം.എൽ ഫിനാൻസ് I,II

44)വെസ്റ്റേൺ ലോൺസ് മറിയൽ എസ്റ്റേറ്റ് I,II

45)ഗുരുദേവ ഗ്യാസ് ഏജൻസിസ് I,II

46)ദുർഗ്ഗ കറീസ് I,II

47)ലാലീസ് പെപ്പർ മാർക്കറ്റ് I,II

48)മുത്തൂറ്റ് മിനി ഫിനാൻസ് I,II

49)പാണഞ്ചേരി സർവ്വീസ് സഹകരണ ബാങ്ക് I,II

50)ഇസാഫ് സൂപ്പർ മാർക്കറ്റ് I,II

51) വഴക്കംമ്പാറ ക്ഷീരോത്പാദന സഹകരണസംഘം I,II

52)മുത്തൂറ്റ് വിലങ്ങന്നൂർ I,II

53)വിലങ്ങന്നൂർ ക്ഷീരോത്പാദന സഹകരണസംഘം I,II

54)പീച്ചി ഹോസ്പിറ്റൽ I,II

55)പ്രീമെട്രിക്ക് ഹോസ്റ്റൽ പീച്ചി I,II

56)പൂവ്വൻചിറ ക്ഷീരോത്പാദന സഹകരണ സംഘംI,II

രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കാത്തതുമൂലം മുകളിൽ പ്രസ്താവിച്ച സ്ഥാപനങ്ങൾ സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല. ആയതിനാൽ ഈ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്.

## 1-39 ഹോംകോയിൽ നിന്ന് മരുന്ന് ലഭ്യമായിട്ടില്ല.

പ്രൊജ.നം. 8/20-21 അടങ്കൽ ₹ 2,50,000-( മെയിന്റനൻസ് ഫണ്ട് - റോഡിതരം )

വൗ.നം. 1/20-21 ₹ 2,50,000-

( ഓഡിറ്റ് എൻക്വയറി നം. തീ. 05-08-2021 )

ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്ന് (ഹോമിയോ) നോൺ അവയബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ വിവിധയിനം മരുന്നുകൾ ലഭ്യമാക്കുന്നതിന് കേരള സ്റ്റേറ്റ് ഹോമിയോപ്പതി കോ-ഓപ്പറേറ്റിവ് സൊസൈറ്റി, ആലപ്പുഴ എന്ന സ്ഥാപനത്തിന് ₹ 2,50,000/- നൽകിയെങ്കിലും നാളിതുവരെ മരുന്നുകൾ ലഭ്യമായിട്ടില്ല. ഇക്കാര്യത്തിൽ ആവശ്യമായ അനന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്. പ്രൊജക്ട് ലക്ഷ്യം കൈവരിച്ചിട്ടില്ലാത്തതിനാൽ ₹ 2,50,000/- ചെലവ് ചെയ്തത് തടസ്സപ്പെടുത്തുന്നു.

## 1-40 ഗ്രാമപഞ്ചായത്തിനുള്ള സേവനങ്ങൾക്ക് GST നല്കേണ്ടതില്ല.

പ്രൊജ. നം. 582/21മൈലാട്ടുംപാറ അംബേദ്കർ കുന്ന് പാലം സ്ട്രക്ചറൽഡിസൈൻ & പ്ലാൻ തയ്യാറാക്കൽ

അടങ്കൽ:- 4,00,000- ( തനതു ഫണ്ട് )

ചെ.നം. 1155958 തിയ്യതി 23-11-'20 ₹ 2,06,740-

ചെ.നം. 3436 തിയ്യതി 10-2-'21 ₹ 80,000-

( ഓഡിറ്റ് എൻക്വയറി നം. 48 തി. -8-'21 )

നോട്ടിഫിക്കേഷൻ 12/2017 ( സെൻട്രൽ ടാക്സ് റേറ്റ് ) തിയ്യതി 28-6-'17 പ്രകാരം ഗ്രാമ പഞ്ചായത്തിനു , ഏതെങ്കിലും ഗവൺമെന്റ്/ഗവൺമെന്റ് അതോറിറ്റി നൽകുന്ന സേവനങ്ങൾക്ക് GST ഈടാക്കേണ്ടതില്ല.

Services By A Government (Central Govt., State Govt., Union Territory,LSGD Or Govt. Authority ) By Way Of Any Activity In Relation To Any Functions Entrusted To A Panchayat Under Article 243 G Of The Constitution TAX RATE ---- NIL

[ Chapter 99 Sl.no. 5 ]

മേൽപ്രകാരം പ്രൊജക്ടുമായി ബന്ധപ്പെട്ട് ഗവ.എഞ്ചിനിയറിങ്ങ് കോളേജ്-കണ്ടിന്യൂവിങ്എജ്യുക്കേഷൻ സെന്റർ സ്ട്രക്ചറൽ ഡിസൈൻ / സർവ്വെ നടത്തിയയിനത്തിലുള്ള ഫീസിനു മേൽ ₹ 43,740- ( 2,43,000 X 18% ) GST ഈടാക്കിയിട്ടുള്ളതായി കണ്ടു.

കേന്ദ്ര സർക്കാരിന്റെ മേൽ നിർദ്ദേശത്തിനു വിധേയമായി ₹ 51,660-രൂപ തിരികെ ലഭിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-41 ഹെഡ്മിസ്ട്രസ് നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ പദ്ധതികൾ -രേഖകൾ ഹാജരാക്കിയില്ല.14,92,593/- രൂപ തടസ്സം

ഹെഡ്മിസ്ട്രസ് നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ വിവധ പദ്ധതികളുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനക്ക് ഹാജരാക്കിയില്ല. വിശദാംശംങ്ങൾ താഴെ കൊടുക്കുന്നു

| ക്രമ നം. | പ്രോജക്ട് | വൗച്ചർ നം/ബിൽ നം/തിയതി | തുക /തുക കൈമാറിയത്. | ഹാജരാക്കേണ്ട രേഖകൾ |
|---|---|---|---|---|
| 1 | 76/20-21<br>പട്ടികജാതിവിദ്യാർത്ഥികൾക്ക് ഫർണീച്ചർ | 22001959/<br>25.3.21 | 1,00,000<br>ആർട്ട്ക്കോ | ഗുണഭോക്തൃ ലിസ്റ്റ്, ഗുണഭോക്താക്കളുടെ വിവരങ്ങൾ, പട്ടികജാതി വകുപ്പിൽ നിന്നും ആനുകൂല്യം ലഭിച്ചിട്ടില്ലാ എന്നുള്ള സാക്ഷ്യപത്രം, ഫർണീച്ചർ സ്റ്റോക്കിലെടുത്തതിന്റെയും വിതരണം ചെയ്തതിന്റെയും രേഖകൾ. |

| | | | | |
|---|---|---|---|---|
| 2 | 77/20-21 | 22001960/ 25.3.21 | 50,000 ആർട്ട്ക്കോ | ഗുണഭോക്തൃ ലിസ്റ്റ്, ഗുണഭോക്താക്കളുടെ വിവരങ്ങൾപട്ടികവർഗ്ഗ വകുപ്പിൽ നിന്നും ആനുകൂല്യം ലഭിച്ചിട്ടില്ലാ എന്നുള്ള സാക്ഷ്യപത്രം, ഫർണീച്ചർ( 20സ്റ്റഡി ടേബിൾ &20ചെയർ) സ്റ്റോക്കിലെടുത്തതിന്റെയും വിതരണം ചെയ്തതിന്റെയും രേഖകൾ |
| 3 | 79/20-21<br>എസ് സി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് | 22001964/ 26.3.21 | 4,66,820 കെൽട്രോൺ | ഒറിജിനൽ ബിൽ, ഗുണഭോക്തൃ ലിസ്റ്റ്, ഗുണഭോക്താക്കളുടെ വിവരങ്ങൾ, പട്ടികജാതി വകുപ്പിൽ നിന്നും ആനുകൂല്യം ലഭിച്ചിട്ടില്ലാ എന്നുള്ള സാക്ഷ്യപത്രം, സ്റ്റോക്കിലെടുത്തതിന്റെയും വിതരണം ചെയ്തതിന്റെയും രേഖകൾ. |
| 4 | 80/20-21<br>എസ് ടി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് | 22001963/ 26.3.21 | 27,460 കെൽട്രോൺ | ഒറിജിനൽ ബിൽ, ഗുണഭോക്തൃ ലിസ്റ്റ്, ഗുണഭോക്താക്കളുടെ വിവരങ്ങൾ, മറ്റു വകുപ്പിൽ നിന്നും ആനുകൂല്യം ലഭിച്ചിട്ടില്ലാ എന്നുള്ള സാക്ഷ്യപത്രം, സ്റ്റോക്കിലെടുത്തതിന്റെയും വിതരണം ചെയ്തതിന്റെയും രേഖകൾ. |
| 5 | 82/20-21<br>സ്മാർട്ട് സ്കൂൾ-സ്കൂളുകളിലേക്ക് ഫർണിച്ചർ | 22001963/ 26.3.21<br>22001973/ 28.3.21 | 1,50,000<br>2,38,152<br>കെൽട്രോൺ | ഒറിജിനൽ ബിൽ, ഫർണീച്ചർ സ്റ്റോക്കിലെടുത്തതിന്റെയും വിതരണം ചെയ്തതിന്റെയും രേഖകൾ. |
| 6 | 153/20-21<br>പട്ടിക്കാട് ഗവ.ഹയർ സെക്കന്ററി സ്കൂളിലെ യു പി ക്ലാസ്സുകൾക്ക് വാട്ടർ പ്യൂരിഫയർ | 10/20-21/ 3.3.21 | 44,400<br>വാട്ടർ വേൾഡ് | ബിൽ, വാട്ടർ പ്യൂരിഫയർ സ്റ്റോക്കിലെടുത്തതിന്റെയും വിതരണം ചെയ്തതിന്റെയും രേഖകൾ. |
| 7 | S0537/20-21<br>സാക്ഷരതാ തുല്യത പ്രോജക്ട് | 8999/ 4.11.20 | 1,43,325<br>സാക്ഷരതാ മിഷൻ | പത്താം തരം പഠിതാക്കളുടെ തുല്യതാപരീക്ഷ, ഹയർ സെക്കന്ററി തുല്യതാ ഒന്നാം വർഷം, ഹയർ സെക്കന്ററി തുല്യതാ രണ്ടാം വർഷം പരീക്ഷ എഴുതുന്നതിന് ഗ്രാമപഞ്ചായത്തിൽ നിന്നും പഠിതാക്കൾക്കുള്ള കോഴ്സ് ഫീസായി 143325/- രൂപ |

| | | | | |
|---|---|---|---|---|
| | | | | സാക്ഷരതാ മിഷന് നൽകിയിട്ടുണ്ട്. സാക്ഷരതാ മിഷന് നൽകിയ ഫീസിന്റെ രസീത്, പഠിതാക്കൾ രജിസ്റ്റർ ചെയ്തതിന്റെ രേഖകൾ |
| 8 | S0317/20-21<br>എസ് സി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് | 1/20-21<br>8.9.21 | 2,72,436<br>കെൽട്രോൺ | ഒറിജിനൽ ബിൽ, ഗുണഭോക്തൃ ലിസ്റ്റ്, ഗുണഭോക്താക്കളുടെ വിവരങ്ങൾ, പട്ടികജാതി വകുപ്പിൽ നിന്നും ഈ ആനുകൂല്യം ലഭിച്ചിട്ടില്ലാ എന്നുള്ള സാക്ഷ്യപത്രം, സ്റ്റോക്കിലെടുത്തതിന്റെയും വിതരണം ചെയ്തതിന്റെയും രേഖകൾ. |
| | | ആകെ | 14,92,593 | |

ഇത സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം 55 തിയതി. 18 .8.21) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. മേൽ പറഞ്ഞ രേഖകൾ ഹാജരാക്കും വരെ 14,92,593/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-42 പട്ടികജാതി,പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് പിവിസി വാട്ടർ ടാങ്ക്-ഒരേ സ്പെസിഫിക്കേഷനിൻ ഉള്ള സാധനങ്ങൾ വാങ്ങുന്നതിന് വ്യത്യസ്ത ടെണ്ടർ രീതികൾ സ്വീകരിച്ചു-41915/-രൂപയുടെ നഷ്ടം സംഭവിച്ചു

അസി സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2020-21 വർഷത്തിൽ പട്ടികജാതി,പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് പിവിസി വാട്ടർ ടാങ്ക് വാങ്ങിനൽകുന്ന പദ്ധതി നടപ്പാക്കുകയുണ്ടായി.രണ്ട് പദ്ധതികളുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| 1. പ്രോജക്ട് നമ്പർ | 72/21/പട്ടികജാതികുടുംബങ്ങൾക്ക് പിവിസി വാട്ടർ ടാങ്ക് |
| അടങ്കൽ | 668000 (501000 Scp Fund+167000 Benificiary Contribution) |
| ചെലവ് | 668000 |
| ടെണ്ടർ നടപടി | ഇ-ടെണ്ടർ |
| ടെണ്ടർ നോട്ടീസ് | 14/08/2020 |
| ടെണ്ടർ സ്വീകരിക്കുന്ന അവസാന തീയ്യതി | 03/9/2020 |
| ടെണ്ടർ നൽകിയത് | സൗത്ത് ഇൻ പോളിമേഴ്സ്,തേൻകുറുശ്ശി,പാലക്കാട് |
| ടെണ്ടർ നിരക്ക് | Rs 2845/number |
| 1.വൗച്ചർ നം.22001477/3.10.2020<br>2.വൗച്ചർ നം.22001630/12.10.2020<br>3.വൗച്ചർ നം.22001657/21.10.2020<br>4.വൗച്ചർ നം.22001652/13.10.2020<br>5.ഗുണഭോക്തൃ വിഹിതം-വൗച്ചർ നം.22001777/14.10.2020 | 170700<br>170700<br>74220<br>85380<br>167000/- |

| | |
|---|---|
| 11.പ്രോജക്റ്റ് നമ്പർ | 252/21/പട്ടികവർഗ്ഗകുടുംബങ്ങൾക്ക് പിവിസി വാട്ടർ ടാങ്ക് |
| അടങ്കൽ | 280000(210000TSP Fund+70000benificiary Contribution) |
| ചെലവ് | 278050(208579TSP Fund+69471benificiary Contribution) |
| ടെണ്ടർ നടപടി | ഓപ്പൺ ടെണ്ടർ |
| ടെണ്ടർ നോട്ടീസ് | 14/08/2020 |
| ടെണ്ടർ സ്വീകരിക്കുന്ന അവസാന തീയ്യതി | 03/9/2020 |
| ടെണ്ടറിൽ പങ്കെടുത്തവരും,ക്വോട്ട് ചെയ്ത നിരക്കും | 1.Carries Pipes &Tubes Pvt Ltd--3500 /-<br>2.south In Polymers Vilayannur Pvt Ltd -2845 /-<br>3.Majeed V M Valiyakath,Thanipadam -3350/- |
| ടെണ്ടർ നൽകിയത് | Majeed V M Valiyakath,Thanipadam |
| ടെണ്ടർ നിരക്ക് | Rs3350 /Number |
| വൗച്ചർ നമ്പർ | 1.22001483/7.10.2020 -208579 /-<br>2.22000910/27.11.2020 – 69471 /- |

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു

1. മേൽ രണ്ട് പ്രേജക്ടുകളും നിർവ്വഹണം നടത്തിയത് അസി സെക്രട്ടറി തന്നെയാണ്.ഒരേ ദിവസമാണ് രണ്ട് പദ്ധതികൾക്കും ഭരണാനുമതി ലഭിച്ചിട്ടുള്ളത്( 1/17.3.2020).ഒരേ ആവശ്യത്തിന് ഒരേ ദിവസം ടെണ്ടർ നോട്ടീസ് നൽകി ടെണ്ടർ ക്ഷണിച്ച് രണ്ട് രീതിയിലാണ് നിർവ്വഹണം (ഇ-ടെണ്ടർ&ഓപ്പൺ ടെണ്ടർ )നടത്തിയിരിക്കുന്നത്.അടങ്കൽ 5,00,000 രൂപയിൽ അധികരിച്ചതിനാൽ പട്ടികജാതികുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് നൽകൽ പദ്ധതിയ്ക്കു ഇ-ടെണ്ടർ നടപടികൾ സ്വീകരിച്ചു.അടങ്കൽ 5,00,000രൂപയിൽ കുറവായതിനാൽ പട്ടികവർഗ കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് നൽകൽ പദ്ധതിയ്ക്കു സാധാരണ ടെണ്ടർ നടപടികളും സ്വീകരിച്ചു.ഒരേ സ്പെസിഫിക്കേഷൻ പ്രകാരമുള്ള വാട്ടർ ടാങ്കുകൾ വാങ്ങി നൽകുക എന്ന ഒരേ രീതിയിലുള്ള പ്രോജക്റ്റ് നടപ്പാക്കുന്നതിന് പഞ്ചായത്ത് രണ്ട് ടെണ്ടർ നടപടികൾ സ്വീകരിച്ചു.ഇപ്രകാരം ടെണ്ടർ നടപടികൾ സ്വകരിച്ചതിനാൽ ഇ-ടെണ്ടർ നടപടികളിലൂടെ 2845/- രൂപയ്ക്കു എസ്.സി വിഭാഗത്തിനും ,സാധാരണ ടെണ്ടറിലൂടെ 3350 - രൂപയ്ക്കു എസ്.ടി വിഭാഗത്തിനും വാട്ടർ ടാങ്കുകൾ വാങ്ങി വിതരണം ചെയ്യുകയാണ് ചെയ്തിട്ടുള്ളത്. ഇ ടെണ്ടർ നടപടി രണ്ട് പദ്ധതികൾക്കും സ്വീകരിച്ചിരുന്നവെങ്കിൽ രണ്ട് പദ്ധതികൾക്കും ഒരേ നിരക്കിലുള്ള വാട്ടർടാങ്കുകൾ വിതരണം ചെയ്യാൻ സാധിക്കുമായിരുന്നു.ഇപ്രകാരം ടെണ്ടർ നടപടി സ്വീകരിച്ചതിനാൽ ടി. എസ് . പി ഫണ്ട് വിനിയോഗിച്ച് 83എണ്ണം വാട്ടർടാങ്കുകൾ വാങ്ങിയപ്പോൾ 41915 - രൂപയുടെ നഷ്ടം (83x3350-83x2845) പഞ്ചായത്തിന് സംഭവിക്കുകയുണ്ടായി മാത്രമല്ല രണ്ട് പ്രോജക്ടുകൾക്കും രണ്ട് തുക ഗുണഭോക്തൃവിഹിതമായി പരിക്കേണ്ടിയുംവന്നു.എസ്.സി പ്രോജക്റ്റിന് 712 / - രൂപയും എസ്.ടി പ്രോജക്റ്റിന് 838/- രൂപയും പിരിക്കേണ്ടി വന്നു. രണ്ട് പ്രോജക്ടുകൾ ആയതിനാലാണ് രണ്ട് രീതിയിൽ നടപ്പാക്കിയതെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയിട്ടുള്ളത് .ഈ മറുപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.ഒരേ ഇനത്തിലുള്ള സാധനങ്ങൾ ഒരുമിച്ച് ടെണ്ടർ നടത്തി മത്സരം ഉറപ്പ് വരുത്തി,നിശ്ചിത സ്പെസിഫിക്കേഷനുള്ള സാധനങ്ങൾക്ക് നിരക്കിൽ പരമാവധി വിലകുറവ് ലഭ്യമാക്കുക എന്നതാണ് സ്റ്റോർ പർച്ചേസ് മാന്വലിലെ നിർദ്ദേശം. ഈ നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല. കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 40(b) പ്രകാരം പൊതുപണം കൈകാര്യചെയ്യുന്ന ഏതൊരു ഉദ്യോഗസ്ഥനും ആയത് കൈകാര്യം ചെയ്യുമ്പേൾ സ്വന്തം പണം വിനിയോഗിക്കുമ്പോൾ സ്വീകരിക്കുന്ന അച്ചടക്കം പാലിക്കേണ്ടതാണെന്ന നിർദ്ദേശവും പാലിച്ചുകാണുന്നില്ല.സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 6.1 പ്രകാരം സാധനങ്ങൾ വാങ്ങുമ്പോൾ ഒരുവർഷത്തേക്ക് ആവശ്യകത മുൻകൂട്ടി കണ്ട് ടെണ്ടർ നടപടി സ്വീകരിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.ആയതും പാലിച്ച കാണുന്നില്ല.

2. പട്ടികവർഗ്ഗകുടുംബങ്ങൾക്ക് പിവിസി വാട്ടർ ടാങ്ക്(252/21) എന്ന പദ്ധതിയുടെ ടെണ്ടറിൽ പങ്കെടുത്ത് കുറഞ്ഞ നിരക്ക് (2845/-)രേഖപ്പെടുത്തിയ South In Polymers Vilayannur Pvt Ltd എന്ന സ്ഥാപനത്തെ ടെണ്ടർ ടാബുലേഷൻ സ്റ്റേറ്റ്മെന്റിൽ കാരണം രേഖപ്പെടുത്താതെ Invalid ആയി കണക്കാക്കിയിരുന്നു.ആയതിന്റെ കാരണം വ്യക്തമാക്കുവാൻ ഓഡിറ്റ് എൻക്വയറി 13/10.8.2021 മുഖേന ആവശ്യപ്പെട്ടിരുന്നു .പട്ടികജാതി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് (72/21) എന്ന പദ്ധതിയുടെ ഇ ടെണ്ടറിൽ പങ്കെടുത്ത South In Polymers എന്ന സ്ഥാപനത്തിന്റെ ടെണ്ടർ ഹാർഡ് കോപ്പി തെറ്റായി വച്ചതിനാലാണ് ടാബുലേഷനിൽ ചേർത്തുപോയത് എന്ന് മറുപടി നൽകിയിട്ടുള്ളത്.

3.03/9/2020ലെ പ്രൊക്യൂവർമെന്റ് കമ്മറ്റിയുടെ തീരുമാനത്തിൽ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത South In Polymers ഉൾപ്പെട്ടിട്ടില്ല. ശ്രീ. മജീദിന്റെ ടെണ്ടർ ആണ് പ്രൊക്യൂവർമെന്റ് കമ്മറ്റി തെരഞ്ഞെടുത്തിട്ടുള്ളത്.

4.ടെണ്ടർ രജിസ്റ്ററിൽ South In Polymers Vilayannur Pvt Ltd ,ശ്രീ. മജീദ്,Carries Pipes &Tubes Pvt Ltd എന്ന മൂന്ന് സ്ഥാപനങ്ങളും പങ്കെടുത്തതായും ഇതിൽ South In Polymers നെ ഇ എം.ഡി,ടെണ്ടർ ഫോം എന്നിവ നൽകാത്തതിനാൽ Invalid ആയി കണക്കാക്കിയതായും രേഖപ്പെടുത്തിയിരിക്കുന്നു.ടെണ്ടർ രജിസ്റ്ററിൽ ടെണ്ടറിൽ പങ്കെടുത്തവർ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല. ഇതിൽ നിന്നും ടെണ്ടറുകൾ ടെണ്ടറിൽ പങ്കെടുത്തവരുടെ സാന്നിദ്ധ്യത്തിൽ തുറക്കണം എന്ന നിബന്ധന പാലിച്ചതായും ഉറപ്പ് വരുത്താനായിട്ടില്ല.

5.പ്രൊക്യൂവർമെന്റ് കമ്മറ്റിയുടെ മിനിറ്റ്സ്,ടെണ്ടർ ടാബുലേഷൻ സ്റ്റേറ്റ്മെന്റ്,ടെണ്ടർ രജിസ്റ്റർ എന്നിവയിൽ ടെണ്ടർ സംബന്ധിച്ച് വ്യത്യസ്തമായ രേഖപ്പെടുത്തലുകൾ ആണ് വരുത്തിയിട്ടുള്ളത്.ടെണ്ടറുകൾ അശ്രദ്ധമായും ,തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള സ.ഉ(പി)259/2010 തസ്വഭവ തീ.8.11.2010 ലെ നിർദ്ദേശങ്ങൾ പാലിക്കാതെ ടെണ്ടർ നടപടികൾ സ്വീകരിച്ചതായി ഓഡിറ്റ് വിലയിരുത്തുന്നു.

ടെണ്ടർമാനദണ്ഡങ്ങൾ പാലിക്കുന്നതിലെ അപാകതമൂലം പഞ്ചായത്തിനുണ്ടായ 41915 - രൂപയുടെ നഷ്ടം ഓഡിറ്റിൽ നിരാകരിക്കുന്നു.

(ഓഡിറ്റ് എൻക്വയറി 13/10.08.2021)

## 1-43 ക്ലീൻ പാണഞ്ചേരി-സമഗ്ര മാലിന്യ സംസ്കരണ പദ്ധതി -പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

പ്രോജക്റ്റ് - ക്ലീൻ പാണഞ്ചേരി-സമഗ്ര മാലിന്യ സംസ്കരണ പദ്ധതി( 572/20-21)

നിർവ്വഹണം -അസി.സെക്രട്ടറി

ഗ്രാമ പഞ്ചായത്തിലെ വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും അജൈവമാലിന്യങ്ങൾ ശേഖരിക്കുന്നതിനും കൈയ്യൊഴിയുന്നതിനും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുക, ഹരിതസേന അംഗങ്ങൾക്ക് വയബിലിറ്റി ഗ്യാപ് ഫണ്ട് നൽകൽ എന്നി ആവശ്യങ്ങൾക്കായിട്ടാണ് ടി പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ടി പദ്ധതി നടത്തിപ്പിലേക്കായി വിവധ ഉപകരണങ്ങൾ, മെഷിനറികൾ, സ്റ്റേഷനറി സാധനങ്ങൾ, സുരക്ഷാ ഉപകരണങ്ങൾ എന്നിവ വാങ്ങിനൽകിയിട്ടുണ്ട്. ഇവയുടെ കൈപ്പറ്റ്, സ്റ്റോക്ക് എൻട്രി, പ്രവർത്തനം, പഞ്ചായത്തിന്റെ ആസ്തി ആക്കിമാറ്റൽ എന്നിവ സംബന്ധിച്ച് ചുവടെ ചേർത്തിരിക്കുന്ന രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1.

| വൗച്ചർ നമ്പർ, തീയതി | തുക | നൽകിയ സ്ഥാപനം | ഓഡിറ്റിന് ലഭ്യമാക്കേണ്ട രേഖകൾ/വിശദാംശങ്ങൾ |
|---|---|---|---|
| 22001453/9.9.2020 | 28030 | J.K.Printers | ടി സ്ഥാപനം പ്രിന്റ് ചെയ്ത് നൽകിയ മെറ്റീരിയലുകൾ ഹരിത കർമ്മസേന കൈപ്പറ്റിയതിന്റേയും ഹരിത കർമ്മസേനയുടെ സ്റ്റോക്ക് രജിസ്റ്ററിൽ എൻട്രി വരുത്തിയതിന്റേയും രേഖകൾ. |
| 22001735/14.1.2020 | 6570 | J.K.Printers | |
| 22001722/21.1.2021 | 66500 | J.K.Printers | |
| 22001863/24 /02/2021 | 39375 | J.K.Printers | |
| 22001462/18.9.2020 | 11220 | Central Surgicals | GUMBOOT -34 Nos, ഹാൻഡ് റബ്, സാനിറ്റൈസർ, ഫെയ്സ് ഷീൽഡ്, ഗ്ലൗസ് എന്നിവ ഹരിത കർമ്മസേന കൈപ്പറ്റിയതിന്റേയും ഹരിത കർമ്മസേനയുടെ സ്റ്റോക്ക് രജിസ്റ്ററിൽ എൻട്രി വരുത്തിയതിന്റേയും രേഖകൾ |
| 22001348 /19.2.2021 | 9672 | Central Surgicals | |
| | 12763 | Central Surgicals | |
| 22001466/21.09.2020 | 32690 | Jaya Tailors | 70 കോട്ട്, 70തൊപ്പി, 70 മാസ്ക് എന്നിവ ഹരിത കർമ്മസേന കൈപ്പറ്റിയതിന്റേയും ഹരിത കർമ്മസേനയുടെ സ്റ്റോക്ക് രജിസ്റ്ററിൽ എൻട്രി വരുത്തിയതിന്റേയും രേഖകൾ |
| 22001614/31.10.2020 | 8000 | ARTCO LTD | സ്റ്റീൽ അലമാര ഹരിത കർമ്മസേന കൈപ്പറ്റിയതിന്റേയും ഹരിത കർമ്മസേനയുടെ സ്റ്റോക്ക് രജിസ്റ്ററിൽ എൻട്രി വരുത്തിയതിന്റേയും രേഖകൾ, ടി തുക പഞ്ചായത്തിന്റെ ആസ്തി ആക്കി മാറ്റിയിട്ടില്ല. |

| | | | |
|---|---|---|---|
| | | | 251202601-sanitation And Waste Management എന്ന ചെലവ് ഹെഡ്ഡിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. |
| 22001467/23.9.2020 | 6152 | Central Surgicals-3130 Charlie Mill Stores -3022 | Face Shield -34 Nos, Latex Gloves -2nos, Rubber Gloves -34 ഹരിത കർമ്മസേന കൈപ്പറ്റിയതിന്റേയും ഹരിത കർമ്മസേനയുടെ സ്റ്റോക്ക് രജിസ്റ്ററിൽ എൻട്രി വരുത്തിയതിന്റേയും രേഖകൾ |
| 251202601/3.12.2020 | 4430 | Central Surgicals | Latex Gloves -8 എണ്ണം ഹരിത കർമ്മസേന കൈപ്പറ്റിയതിന്റേയും ഹരിത കർമ്മസേനയുടെ സ്റ്റോക്ക് രജിസ്റ്ററിൽ എൻട്രി വരുത്തിയതിന്റേയും രേഖകൾ |
| 22001762/4.2.2021 | 14500 | UBIXIA (Inv No.INV-298/23-01-2021) Maharashtra Amaravathy | WEIGH STAR Electronic Weighing Machine-ഹരിത കർമ്മസേനയ്ക്കു ഉണ്ടെങ്കിൽ സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ, Weighing Machine പഞ്ചായത്തിന്റെ ആസ്തിയാക്കി മാറ്റിയിട്ടില്ല. 251202601-sanitation And Waste Management എന്ന ചെലവ് ഹെഡ്ഡിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. |
| 251202601/18.2.2021 | 21000 | വാസുദേവൻ | ഹരിത കർമ്മസേനയ്ക്കു കൈവണ്ടി നിർമ്മിച്ച നൽകിയതിന് നൽകിയ തുക (1എണ്ണം). ഹരിത കർമ്മസേന കൈപ്പറ്റിയതിന്റേയും ഹരിത കർമ്മസേനയുടെ സ്റ്റോക്ക് രജിസ്റ്ററിൽ എൻട്രി വരുത്തിയതിന്റേയും രേഖകൾ. പഞ്ചായത്തിന്റെ ആസ്തിയാക്കി മാറ്റിയിട്ടില്ല. 25310050-Solid Waste Management Programme Under Total Sanitation Campaign General എന്ന ചെലവ് ഹെഡ്ഡിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. |
| 22001935/22.3.2021 | 63000 | സുധാകരൻ സി | ഹരിത കർമ്മസേനയ്ക്കു കൈവണ്ടിനിർമ്മിച്ചനൽകിയതിന് നൽകിയ തുക(3എണ്ണം). ഹരിത കർമ്മസേന കൈപ്പറ്റിയതിന്റേയും ഹരിത കർമ്മസേനയുടെ സ്റ്റോക്ക് രജിസ്റ്ററിൽ എൻട്രി വരുത്തിയതിന്റേയും രേഖകൾ, തുക ആസ്തി ആക്കി മാറ്റിയിട്ടില്ല. 25310050-Solid Waste Management Programme Under Total Sanitation Campaign General എന്ന ചെലവ് ശീർഷകത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത് |
| 2/16.3.21 | 186398 | Floret Tecnologies | 8 എണ്ണം നാപ്കിൻ ഇൻസിനറേറ്ററുകൾ വാങ്ങിയതിന് നൽകിയ തുക, ഇവ സ്ഥാപിച്ച് പ്രവർത്തന സജ്ജമാക്കിയതിന്റെ |

| | | | |
|---|---|---|---|
| | | | വിവരം, എവിടെ യെല്ലാം സ്ഥാപിച്ചു. ആസ്തി ആക്കി മാറ്റിയിട്ടില്ല. 25310050-Solid Waste Management Programme Under Total Sanitation Campaign General എന്ന ചെലവ് ശീർഷകത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത് |
| 251202601/20.3.2021 | 370500 | Keyar Enterprizes | ബെയ്‌ലിങ്ങ് മെഷീൻ വാങ്ങിയത്, പഞ്ചായത്തിന്റെ ആസ്തി ആക്കി മാറ്റിയിട്ടില്ല. 25310050-Solid Waste Management Programme Under Total Sanitation Campaign General എന്ന ചെലവ് ശീർഷകത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. |
| 251202601/23.03.2021 | 12603 | മജീദ് വി എം | എന്ത് പ്രവൃത്തിക്ക് നൽകിയെന്ന് വ്യക്തമല്ല |
| 251202601/27.3.2021<br>251202601/30.3.2021 | 129291<br>193937<br>323229 | Socio Economic Unit Foundation<br>"<br>" | പീച്ചി ജി.എൽ.പി.എസ്, പട്ടിക്കാട് ജി.എൽ.പി.എസ്, പഞ്ചായത്ത് ഓഫീസ് പരിസരം എന്നിവങ്ങളിൽ തുമ്പൂർമൂഴി മാതൃകയിൽ മാലിന്യ സംസ്കരണ യൂണിറ്റ് സ്ഥാപിക്കുനന്തിന് നൽകിയ തുക. ഇവ പണി പൂർത്തീകരിച്ച് പ്രവർത്തന സജ്ജമാക്കിയിതിന്റെ വിവരം, പഞ്ചായത്തിന്റെ ആസ്തി ആക്കി മാറ്റിയിട്ടില്ല. 251202601-sanitation And Waste Management എന്ന ചെലവ് ഹെഡ്ഡിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. |
| ആകെ | 1539860 | | |

മേൽപ്പറഞ്ഞ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കും വരെ ചെലവ് തുക 1539860/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

2. പഞ്ചായത്ത് ശേഖരിച്ചിട്ടുള്ള അജൈവ മാലിന്യങ്ങൾ നീക്കം ചെയ്തതിന് (3630kgx7.5) വൗച്ചർ നം. 251202601/21.1.2021 ഇക്കോവിസ് വേസ്റ്റ് മാനേജ്മെന്റ് സൊല്യൂഷൻസിന് 27225/- രൂപ നൽകിയിട്ടുണ്ട്.

പഞ്ചായത്ത് ശേഖരിച്ചിട്ടുള്ള അജൈവ മാലിന്യങ്ങൾ (പ്ലാസ്റ്റിക്ക് കവറുകൾ, ബാഗുകൾ മുതലായവ) കിലോഗ്രാമിന് 7.50 രൂപ നിരക്കിൽ നൽകികൊണ്ട് നീക്കം ചെയ്യുന്നതിനായി ക്ലീൻ കേരള കമ്പനിയുടെ അംഗീകാരമുള്ള ഇക്കോവിസ് വേസ്റ്റ് മാനേജ്മെന്റ് സൊല്യൂഷൻസ്, പെരിഞ്ഞനം എന്ന സ്ഥാപനവുമായി 30/10/2020 കരാറിൽ ഏർപ്പെട്ടിട്ടുണ്ട് (പഞ്ചായത്ത് കമ്മറ്റി തീരുമാനം.30/10/2020 1(16)). പഞ്ചായത്ത് കമ്മറ്റി ഒരു വർഷത്തെ കരാറിൽ ഏർപ്പെടാനാണ് തീരുമാനിച്ചിട്ടുള്ളത്. എന്നാൽ കരാറിൽ 6 മാസമാണ് കരാർ കലാവധി രേഖപ്പെടുത്തിയിരിക്കുന്നത്. ഇക്കോവിസ് വേസ്റ്റ് മാനേജ്മെന്റ് സൊല്യൂഷൻസിന് ക്ലീൻ കേരള കമ്പനിയുടെ അംഗീകാരമുള്ളത് സംബന്ധിച്ച് രേഖകൾ ഫയലിൽ ലഭ്യമാക്കിയിട്ടില്ല. നിലവിൽ ഈ സ്ഥാപനവുമായി കരാർ നിലനിൽക്കുന്നുണ്ടോ, അജൈവ മാലിന്യങ്ങളുടെ നീക്കം ചെയ്യൽ ഇപ്പോഴും നടക്കുന്നുണ്ടോ എന്നീ വിവരങ്ങൾ ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി പ്രകാരം ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത് ലഭ്യമാക്കിയില്ല. കരാർ പ്രകാരം പെറ്റ് ബോട്ടിൽ കലക്ട് ചെയ്യുമ്പോൾ കിലോഗ്രാമിന് 5 രൂപ നിരക്കിൽ പഞ്ചായത്തിന് നൽകും എന്ന് വ്യവസ്ഥ ചെയ്തിരുന്നു. 216 Kg പെറ്റ് ബോട്ടിൽ പഞ്ചായത്തിൽ നിന്നുംകലക്ട് ചെയ്തതിന് 1080/-രൂപ പഞ്ചായത്തിന് ലഭിക്കാനുണ്ട്. ആയത് ലഭിച്ചതിന്റെ വിവരവും ഫയലിൽ ലഭ്യമല്ല. പഞ്ചായത്ത് ക്ലീൻ കേരള കമ്പനിയുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ എന്നും വ്യക്തമല്ല.

3.a) വൗച്ചർ നമ്പർ -22001680/14.12.2020, തുക 44450/-

B) വൗച്ചർ നമ്പർ -22001761/4.2.2021, തുക 83450/-

C) വൗച്ചർ നമ്പർ -22001877/5.3.2021, തുക 30100/-

D) വൗച്ചർ നമ്പർ -22001983/29.3.2021, തുക 51625/-

മേൽ പ്രകാരം ആകെ 209625/- രൂപ തൻവർഷം വയബിലിറ്റി ഗ്യാപ് ഫണ്ട് ഇനത്തിൽ ഹരിത കർമ്മസേന കൺസോർഷ്യത്തിന്റെ അക്കൗണ്ടിലേക്ക് (കേരള ഗ്രാമീൺ ബാങ്ക് അക്കൗണ്ട് നമ്പർ40290101054062) നൽകിയിട്ടുണ്ട്. ഹരിതകർമ്മസേന അംഗങ്ങൾക്ക് ഗ്യാപ് ഫണ്ട് ഇനത്തിൽ പ്ലാസ്ററിക്ക് മാലിന്യങ്ങൾ ശേഖരിക്കുന്ന ദിവസം കണക്കാക്കി ഒരു

ദിവസത്തിന് 350/- രൂപ ക്രമത്തിൽ അനവദിക്കുന്നതിന് പഞ്ചായത്ത് കമ്മറ്റി 15/01/2021 ലെ 20(12) പ്രകാരം തീരുമാനിച്ചിട്ടുണ്ട്. ഈ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് മേൽ പ്രകാരം തുക നൽകിയിട്ടുള്ളത്. വയബിലിറ്റി ഗ്യാപ് ഫണ്ട് അനുവദിച്ചുകൊണ്ടും കാലാവധി ദീർഘിപ്പിച്ചുകൊണ്ടും സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിൽ ഒന്നും മേൽപ്രകാരം നിരക്ക് രേഖപ്പെടുത്തി കാണുന്നില്ല. വയബിലിറ്റി ഗ്യാപ് ഫണ്ട് വിനിയോഗം സംബന്ധിച്ച സ.ഉ (സാധ)നം.1391/2018 തസ്വഭവ തീ.19/05/2018 ൽ വയബിലിറ്റി ഗ്യാപ് ഫണ്ട് ഹരിത കർമ്മ സേനയുടെ പ്രവർത്തന ചെലവുകൾ, ഹരിത സഹായ സ്ഥാപനത്തിനുള്ള ഫീസ്, പൊതു സംവിധാനം ഒരുക്കുന്നതിനുള്ള മൂലധന ആവർത്തന ചെലവുകൾ ഒരോ പ്രദേശത്തിന്റേയും മാലിന്യത്തിന്റെ അളവുമായി ബന്ധപ്പെട്ടിരിക്കുന്നതിനാൽ തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ ഒരോ വാർഡിന്റേയും വയബിലിറ്റി ഗ്യാപ് ഫണ്ട് പ്രത്യേകം പ്രത്യേകം നിജപ്പെടുത്തുന്നതിന് ഹരിതകേരള മിഷനെ ചുമതലപ്പെടുത്തിയിരുന്നു. ഇതിൻ പ്രകാരം ഒരോ ഗ്രാമ പഞ്ചായത്തിനും വാർഡ് ഒന്നിന് 23175/- രൂപ അനുവദിക്കാമെന്നും തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലെ ഒരോ വാർഡിന്റെയും വയബിലിറ്റി ഗ്യാപ് ഫണ്ട് ഹരിതകേരളം മിഷൻ പ്രത്യേകം നിശ്ചയിച്ചു നൽകേണ്ടതാണെന്നും പ്രസ്തുത തുക മേൽ പരാമർശിച്ച നിരക്കിൽ അധികരിക്കാൻ പാടില്ല എന്നും നിഷ്കർഷിക്കുന്നുണ്ട്. ടി ഉത്തരവ് പ്രകാരം 6 മാസം വരെ വയബിലിറ്റി ഗ്യാപ് ഫണ്ട് നൽകുന്നതിനാണ് അനുമതി. തുടർന്നു വന്ന വയബിലിറ്റി ഗ്യാപ് ഫണ്ട് വിനിയോഗം സംബന്ധിച്ച സ.ഉ (സാധ)നം.703/2018 തസ്വഭവ തീ.25/03/2019 ൽ വാർഡ് ഒന്നിന് 11600/-രൂപ ആക്കുകയുണ്ടായി. 6 മാസം കൂടി വയബിലിറ്റി ഗ്യാപ് ഫണ്ട് നൽകുന്നതിനും ഈ ഉത്തരവ് മുഖേന അനുമതി നൽകി. മൂന്നാമത് വന്ന സ.ഉത്തരവ് (സാധാ)നം.62/2020 തസ്വഭവ തീ.04/03/2020ൽ വീണ്ടും 6 മാസം വരെ വയബിലിറ്റി ഗ്യാപ് ഫണ്ട് വാർഡ് ഒന്നിന് 11600/- രൂപ നൽകുന്നതിന് അനുമതി നൽകി, മേൽ പ്രകാരം തുക നൽകുന്നതിന് സ.ഉ (സാധ)നം.1391/2018 തസ്വഭവ തീ.19/05/2018 ലെ നിബന്ധകൾക്ക് വിധേയമായി ആയിരിക്കണം എന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്തിൽ വയബിലിറ്റി ഗ്യാപ് ഫണ്ട് അനുവദിച്ചത് മേൽ മാനദണ്ഡപ്രകാരമല്ല എന്നുകാണുന്നു. ഹരിതകേരളം മിഷൻ വയബിലിറ്റി ഗ്യാപ് ഫണ്ട് നിശ്ചയിച്ചു നൽകിയതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല. ഇപ്രകാരം നൽകുവാനുണ്ടായ കാരണം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും ലഭ്യമാക്കിയില്ല. വയബിലിറ്റി ഗ്യാപ് ഫണ്ട് സംബന്ധിച്ച ഉത്തരവുകൾക്ക് വിരുദ്ധമായി തുക ചെലവഴിച്ചതിനാൽ ഈ ഇനത്തിൽ ചെലവഴിച്ച 209625/- രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

4.ഹരിത കർമ്മ സേനയുടെ രൂപീകരണവുമായി ബന്ധപ്പെട്ട സ.ഉ (സാധ)നം.2420/2017/lsgd Dt.15.7.2017 പ്രകാരം പഞ്ചായത്തിലെ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട DPR തയ്യാറാക്കണം എന്ന് നിർദ്ദേശിച്ചിരുന്നു. DPR അംഗീകരിച്ചതിനു ശേഷമാണ് ഓരോ തദ്ദേശ സ്വയംഭരണസ്ഥാപനത്തിനാവശ്യമായ ഹരിതകർമ്മ സേനാംഗങ്ങളുടെ എണ്ണവും ഓരോ വീടുകൾക്കും സ്ഥാപനങ്ങൾക്കും ആവശ്യമായ യൂസർ ഫീ നശ്ചയിക്കേണ്ടത്. എന്നാൽ പഞ്ചായത്തിൽ ഇപ്രകാരം ഒരു DPR ന്റെ അടിസ്ഥാനത്തിലാണോ പദ്ധതികൾ ആവിഷ്കരിക്കുന്നതെന്ന് വ്യക്തമാക്കിയിട്ടില്ല.

5.ഹരിത കർമ്മ സേനയുടെ പ്രവർത്തനം പഞ്ചായത്ത് തലത്തിൽ വിലയിരുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം എന്നും ഫയലിൽ നിന്നും വാക്തമല്ല. സ.ഉ (സാധാ)1496/20 LSGD DT 12/8/20ലെ പ്രകാരം ഹരിത കർമ്മ സേന /ഹരിത കർമ്മ സേന കൺസോർഷ്യം എന്നിവയുടെ പ്രതിമാസ പ്രവർത്തനങ്ങൾ ശേഖരിച്ച് കുടുംബശ്രീ സി.ഡി.എസ്സിനും തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലെ നിർവ്വഹണ ഉദ്യോഗസ്ഥനും നൽകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഫയലിൽ ഹരിത കർമ്മ സേന അംഗങ്ങളുടെ പ്രതിമാസ കലക്ഷൻ സംബന്ധിച്ച ഹാജർമാത്രമേ ഉൾപ്പെടുത്തികാണുന്നുള്ളു.

6.ഹരിത കർമ്മ സേന 11/2020 മുതൽ യൂസർ ഫീ {വീടുകൾക്ക് 20/-, കടകൾക്ക് 20(below 250sqft), 30(between250-500sqft), 100 (Shopping Complex Mall Etc.)} ഈടാക്കി വരുന്നുണ്ട്. ഇതിന്റെ വരവ് ചെലവ് കണക്കുകൾ സ.ഉ (സാധാ)1496/20 LSGD DT 12/8/20ലെ നിർദ്ദേശ പ്രകാരം ബാങ്ക് അക്കൗണ്ട് രൂപീകരിച്ച് അതിൽ നിക്ഷേപിച്ച് തുക പ്രതിമാസ ചെലവുകൾക്ക് വനിയോഗിക്കണമെന്നും, യൂസർ ഫീ കളക്ഷനും വിതരണവും ടി ഉത്തരവിലെ നിർദ്ദേശപ്രകാരം ഓഡിറ്റിന് വിധേയമാക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച വിലയിരുത്തൽ നിർവ്വഹണ ഉദ്യോഗസ്ഥൻ നടത്തിയതായി കാണുന്നില്ല. ഹരിത കർമ്മ സേനയ്ക്ക് പഞ്ചായത്ത് തലത്തിൽ ഓഫീസ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ എന്നും വ്യക്തമാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി 50/17.08.2021

## 1-44 കൃഷി ഓഫീസർ നടപ്പിലാക്കിയ പദ്ധതി - അപാകതകൾ

കൃഷി ഓഫീസർ നടപ്പാക്കിയ സുഭിക്ഷ കേരളം പദ്ധതിയുടെ ഫയൽ ഹാജരാക്കിയതിൽ മുഴുവൻ ഗുണഭോക്താക്കളെയും സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെട്ടിരുന്നില്ല.

പ്രൊജക്റ്റ് നം. 539/20-21, സുഭിക്ഷ കേരളം.

പദ്ധതി ചെലവ് – 10,03,635/- (വികസന ഫണ്ട് – 3,99,000/-, തനത് ഫണ്ട് – 5,06,635/-, ഗുണഭോക്തൃവിഹിതം – 98,000/-)

വൗച്ചർ നം. 22001813/29.07.2020, തുക – 74,000/-

വൗച്ചർ നം. 22001260/27.02.2021, തുക – 1,15,000/-

വൗച്ചർ നം. 22001261/27.02.2021, തുക – 3,37,135/-

വൗച്ചർ നം. 22001262/27.02.2021, തുക – 27,500/-

വൗച്ചർ നം. 22001263/27.02.2021, തുക – 9,000/-

വൗച്ചർ നം. 22001814/05.11.2020, തുക – 2,76,000/-

വൗച്ചർ നം. 22000988/24.12.2020, തുക – 98,000/-

വൗച്ചർ നം. 22000989/29.07.2020, തുക – 18,000/-

വൗച്ചർ നം. 22001826/17.12.2020, തുക – 36,000/-

വൗച്ചർ നം. 22001790/24.02.2021, ഇക – 13,000/-

ഫയൽ പൂർണ്ണമാക്കി പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാൽ ചെലവ് തുകയായ 10,03,635/- രൂപ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് അന്വേഷണം നം. 52/17.08.2021

## 1-45 പഞ്ചായത്ത് വാഹനത്തിന്റെ ലോഗ്ബുക്ക് പരിപാലിക്കുന്നതിലെ അപാകതകൾ

I) വാഹന ഉപയോഗത്തെ സംബന്ധിച്ച് ജി.ഒ(എം.എസ്) 170/07 ത.സ്വ.ഭ.വ, തീ.30.06.2007, സർക്കുലർ നം.41/2008/ധനം, തീ.02.08.2008 എന്നിവ പ്രകാരം നിബന്ധനകൾ പുറപ്പെടുവിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ വാഹനമായ KL-8/AN-9409 മഹീന്ദ്ര ബോലേറോയുടെ ലോഗ്ബുക്ക് പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) ലോഗ്ബുക്കിൽ പ്രതിമാസ സംക്ഷിപ്തം എഴുതി സൂക്ഷിക്കുന്നില്ല.

2) വാഹന കസ്റ്റോഡിയനായ സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തലുകൾ വരുത്തിയിട്ടില്ല.

3) യാത്ര ചെയ്യുന്ന ഉദ്യോഗസ്ഥന്റെ സാക്ഷ്യപ്പെടുത്തലുകൾ ഇല്ല.

4) ഇന്ധനം നിറക്കുന്നത് രേഖപ്പെടുത്തുന്നില്ല. ഇന്ധനം ഫുൾ ടാങ്ക് നിറയ്ക്കണമെന്നും ആയത് ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തണമെന്നുമുള്ള നിബന്ധന പാലിക്കപ്പെടുന്നില്ല.

5) വാഹനത്തിന്റെ അറ്റകുറ്റപ്പണികളുടെ വിവരം ലോഗ്ബുക്കിൽ രേഖപ്പെടുത്തുകയോ, പ്രത്യേക രജിസ്റ്റർ സൂക്ഷിക്കുകയോ ചെയ്യുന്നില്ല.

II) പഞ്ചായത്ത് ഓഫീസിലെ ജനറേറ്ററിന്റെ ലോഗ്ബുക്കിൽ പൂർണ്ണമായ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല.

ഉത്തരവിനനുസൃതമായി ലോഗ്ബുക്ക് എഴുതേണ്ടതും ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തലുകൾ വരുത്തി സൂക്ഷിക്കേണ്ടതുമാണ്.

## 1-46 മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ

1) പ്രൊജക്ട് നം. 38/20-21, ജനറൽ വിഭാഗത്തിലെ രോഗികൾക്ക് മരുന്ന് വാങ്ങൽ.

മെയിന്റനൻസ് ഫണ്ട് - നോൺ റോഡ് (ചെലവ് - 7,79,970/-)

വൗച്ചർ നം. 22001356/10.06.2020, ഇക – 84033

വൗച്ചർ നം. 22001455/27.08.2020, ഇക – 58883

വൗച്ചർ നം. 22001670/11.11.2020, ഇക – 195378

വൗച്ചർ നം. 22001438/10.08.2020, ഇക – 291676

വൗച്ചർ നം. 22001892/12.02.2021, ഇക – 150000

I) പ്രൊഫോർമ ഇൻവോയ്സ് നം. PRF- 1963/19.08.20, ഇക – 58,883/-

Ii) " " " PRF- 2225/07.09.20, ഇക – 1,95,378/-

Iii) " " " PRF- 1206/23.06.20, ഇക – 2,91,676/-

Iv) " " " PRF- 4106/29.12.20, ഇക – 1,50,000/-

എന്നിവ പ്രകാരം കെ.എം.എസ്.സി.എൽ ന് ഇക കൈമാറിയിട്ടുള്ളതിൽ 3,20,614/- രൂപയുടെ മരുന്ന് ലഭ്യമായിട്ടില്ല.

2) പ്രൊജക്ട് നം. 39/20-21, ജീവിത ശൈലീ രോഗങ്ങൾക്ക് മരുന്ന് വാങ്ങൽ

മെയിന്റനൻസ് ഫണ്ട് - നോൺ റോഡ് (ചെലവ് - 5,89,735/-)

വൗച്ചർ നം. 22001357/10.06.2020, ഇക – 40257/-

വൗച്ചർ നം. 22001437/10.08.2020, ഇക – 3,00,000/-

വൗച്ചർ നം. 22001448/27.08.2020, ഇക – 33,602/-

വൗച്ചർ നം. 22001671/11.11.2020, ഇക – 2,15,876/-

I) പ്രൊഫോർമ ഇൻവോയ്സ് നം. PRF- 1238/25.06.20, ഇക – 3,00,000/-

Ii) " " " PRF- 2226/07.09.20, ഇക – 2,15,876/-

എന്നിവ പ്രകാരം കെ.എം.എസ്.സി.എൽ ന് ഇക കൈമാറിയിട്ടുള്ളതിൽ 1,72,979/- രൂപയുടെ മരുന്ന് ലഭ്യമായിട്ടില്ല.

3) പ്രൊജക്ട് നം. 41/20-21, ആശുപത്രികൾക്ക് ആവശ്യമായ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ,
മെയിന്റനൻസ് ഫണ്ട് (നോൺ റോഡ് ) - 1,81,903/-
വൗച്ചർ നം. 22001891/12.0832021, ഇക – 1,81,903/-

I) പ്രൊഫോർമ ഇൻവോയ്സ് നം. 22481/20-21, Dt.27.02.2021, ഇക – 42,510/ (ഡെസ്ക്ടോപ്പ് - 1 എണ്ണം)

Ii) പ്രൊഫോർമ ഇൻവോയ്സ് നം. 22482/20-21, Dt.27.02.2021, ഇക – 48,509/- (ലാപ്ടോപ്പ് - 1 എണ്ണം)

Iii) പ്രൊഫോർമ ഇൻവോയ്സ് നം. 23474/20-21, Dt.05.03.2021, ഇക – 90,884/- (എ3 പ്രിന്റർ - 2 എണ്ണം)

എന്നിവ പ്രകാരം കെൽട്രോണിന് ഇക കൈമാറിയിട്ടുണ്ട്. എന്നാൽ താഴെ പറയുന്ന ബിൽ പ്രകാരം 2പ്രിന്റർ, ഒരു ലാപ്ടോപ്പ് എന്നിവ മാത്രമാണ് ലഭ്യമായിട്ടുള്ളത്.

I) HP യിൽ നിന്നുമുള്ള ബിൽ നം. J9PME28751/22.04.21, ഇക – 86,648.63 (പ്രിന്റർ - 2 എണ്ണം)

Ii) Acer ൽ നിന്നുമുള്ള ബിൽ നം. PYSI21006036/19.05.2021, ഇക – 46,297.53 (ലാപ്ടോപ്പ് - 1 എണ്ണം, ബാക്ക് കവർ - 1 എണ്ണം)
ലഭിക്കുവാനുള്ള ഒരു ഡെസ്ക്ടോപ്പിന്റെ ചെലവ് ഇകയായ 42,510/- രൂപ തടസ്സപ്പെടുത്തുന്നു.
പ്രിന്റർ, ലാപ്ടോപ്പ് എന്നിവയുടെ ബിൽഇകയേക്കാൾ അധികം നൽകിയ 6,446/- രൂപ തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

4) പ്രൊജക്ട് നം. 45/20-21, സാന്ത്വന പരിചരണ പരിപാടി. ചെലവ് ഇക – 12,98,682/-

വൗച്ചർ നം. 22001343/20.05.20, തുക – 42,580/-

വൗച്ചർ നം. 22001353/10.06.20, തുക – 67,475/-

വൗച്ചർ നം. 22001393/08.07.20, തുക – 42,020/-

വൗച്ചർ നം. 22001444/10.08.20, തുക – 43,365/-

വൗച്ചർ നം. 22001452/27.08.20, തുക – 55,178/-

വൗച്ചർ നം. 22001460/14.09.20, തുക – 43,010/-

വൗച്ചർ നം. 22001623/12.10.20, തുക – 41,670/-

വൗച്ചർ നം. 22001666/11.11.20, തുക – 48,167/-

വൗച്ചർ നം. 22001667/15.12.20, തുക – 45,690/-
വൗച്ചർ നം. 22001043/07.01.2021, തുക – 2,00,000/-
വൗച്ചർ നം. 22001730/13.01.2021, തുക – 44,910/-
വൗച്ചർ നം. 22001848/15.02.2021, തുക – 83,738/-
വൗച്ചർ നം. 22001880/06.03.2021, തുക – 49,960/-
വൗച്ചർ നം. 22001881/06.03.2021, തുക – 2,98,939/-
വൗച്ചർ നം. 22001962/26.03.2021, തുക – 1,00,000/-

വൗച്ചർ നം. 22001941/23.03.2021, തുക – 91,980/-

പ്രൊഫോർമ ഇൻവോയ്സ് നം. 3535/20.11.2020 പ്രകാരം 2,18,998/- രൂപ നൽകിയതിൽ 1,40,512/- രൂപയുടെയും പ്രൊഫോർമ ഇൻവോയ്സ് നം. 3538/20.11.2020 പ്രകാരം 79,941/- രൂപ നൽകിയതിൽ 44,341/- രൂപയുടെയും, പ്രൊഫോർമ ഇൻവോയ്സ് നം.1105/19.06.2020 പ്രകാരമുള്ള 49,109/- രൂപ, പ്രൊഫോർമ ഇൻവോയ്സ് നം.2625/01.10.2020 പ്രകാരമുള്ള 2,00,000/- രൂപ, പ്രൊഫോർമ ഇൻവോയ്സ് നം.2626/01.10.2020 പ്രകാരമുള്ള 1,00,000/- രൂപ, പ്രൊഫോർമ ഇൻവോയ്സ് നം.6418/20.03.2021 പ്രകാരമുള്ള 47,000/- രൂപ എന്നിവയുടെയും മരുന്ന് ലഭ്യമായിട്ടില്ല (മൊത്തം 5,80,962/- രൂപ).
മൊത്തം 10,74,555/- (3,20,614+1,72,979+5,80,962) രൂപയുടെ മരുന്നുകൾ ലഭ്യമാകുവാനുണ്ട്. മരുന്നുകൾ ലഭ്യമാകുന്നതുവരെ ആയതിന് നൽകിയ തുകയായ 10,74,555/- രൂപ തടസ്സപ്പെടുത്തുന്നു.
മരുന്നുകൾ, കമ്പ്യൂട്ടർ എന്നിവ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-47 സാമൂഹ്യ സുരക്ഷാ പെൻഷൻ - അപാകതകൾ

2019-20, 2020-21 വർഷങ്ങളിലെ വിവിധ സാമൂഹ്യ സുരക്ഷാ പെൻഷനുകളുടെ രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

ലഭ്യമായ അപേക്ഷകൾ അന്വേഷണത്തിന് നൽകിയ തീയതി, അന്വേഷണ റിപ്പോർട്ട് ലഭ്യമാക്കിയ തീയതി, സ്റ്റാൻഡിംഗ് കമ്മിറ്റി തീരുമാനത്തിന്റെ നമ്പർ, അനുമതി നൽകിയോ നിരസിച്ചുവോ തുടങ്ങിയ വിവരങ്ങളുടെ രേഖപ്പെടുത്തലുകൾ എന്നിവ പൂർണ്ണമായി വരുത്തിയിട്ടില്ല.

ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ 2021 ഫെബ്രുവരി 20-ാം തീയതിയിലെ തീരുമാനം നം.4 പ്രകാരം അന്വേഷണത്തിന് നൽകുന്ന സാമൂഹ്യ സുരക്ഷാ പെൻഷൻ അപേക്ഷകൾ റിപ്പോർട്ട് സഹിതം തിരികെ ലഭിക്കുന്നതിന് വളരെയധികം കാലതാമസം ഉള്ളതായും ഇതുമൂലം സർക്കാർ നിശ്ചയിച്ചിരിക്കുന്ന സമയപരിധിക്കകം അപേക്ഷകൾ തീർപ്പാക്കാൻ സാധിക്കാതെ വരുന്നതായും, ഇതു സംബന്ധിച്ച് പൊതുജനങ്ങൾക്ക് പരാതിയുള്ളതായും സ്റ്റാൻഡിംഗ് കമ്മിറ്റി നിരീക്ഷിച്ചിട്ടുണ്ട്. അന്വേഷണത്തിന് നൽകുന്ന സാമൂഹ്യ സുരക്ഷാ പെൻഷൻ അപേക്ഷകൾ കാലതാമസം കൂടാതെ റിപ്പോർട്ട് നൽകുന്നതിനും നിരസിക്കുന്ന അപേക്ഷകളിൽ കാരണം വ്യക്തമായി രേഖപ്പെടുത്തി നൽകുന്നതിനും ബന്ധപ്പെട്ട അന്വേഷണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുവാനും തീരുമാനിക്കുകയുമുണ്ടായി. മേൽ വിവരങ്ങളുടെ പരിശോധന നടത്തുന്നതിന് രജിസ്റ്ററുകൾ അപൂർണ്ണമായതിനാൽ സാധ്യമല്ല.

സ.ഉ.(എം.എസ്) നം. 97/2020/ധന, തീയതി 23.09.2020 പ്രകാരം മരണപ്പെടുകയോ പുനർവിവാഹിതരാവുകയോ ചെയ്യുന്ന സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളുടെ വിവരങ്ങൾ അങ്കണവാടി/ആശാവർക്കർമാർ മുഖേന ശേഖരിച്ച് പെൻഷൻ ഡാറ്റാ ബേസിൽ നിന്നും ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും രജിസ്റ്ററുകൾ, അപേക്ഷകൾ എന്നിവ ക്രമപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

## 1-48 ആയുർവ്വേദ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ- മരുന്നുകൾ ലഭ്യമായില്ല

നിർവ്വഹണോദ്യോഗസ്ഥൻ-മെഡിക്കൽ ഓഫീസർ,ആയുർവേദം

പദ്ധതി നം. 84/20-21 – ആയുർവ്വേദ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ

അടങ്കൽ- 12,50,000/-

ചെലവ്- 12,50,000/-

ഈ പദ്ധതിപ്രകാരം മരുന്നുകൾ വാങ്ങുന്നതിനായി 'ഔഷധി', കുട്ടനെല്ലൂർ, തൃശ്ശൂർ, എന്ന സ്ഥാപനത്തിന് ആകെ 12,50,000/-രൂപ നൽകിയിട്ടുണ്ട്. അതിൽ 1,75,000/- രൂപ (ബിൽ നം. 7/2020-21 /12.1.2021) നൽകിയതിൽ ₹1,62,345/- രൂപയുടെ (ഇൻവോയ്സ്

നം. 120527/ തീയതി 19.1.2021) മരുന്നുകളാണ് ലഭ്യമായിട്ടുള്ളത്. ബാക്കി 12,655/-രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ല. മരുന്നുകൾ ലഭ്യമാക്കുന്നതിന് ഔഷധിക്ക് കത്ത് നൽകിയിട്ടുണ്ടെന്ന് ഓഡിറ്റ് എൻക്വയറിക്ക് (നം 17 തിയതി. 11.8.21 )മറുപടി നൽകിയിട്ടുണ്ട്.മരുന്നുകൾ ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്

## 1-49 ശുചിത്വ കക്കൂസ്

പ്രോജക്ട് നമ്പർ. S0389/2020-21

നിർവ്വഹണോദ്യോഗസ്ഥൻ-വി.ഇ.ഒ

ചെലവു തുക-288950

പ്രോജക്ട് പ്രകാരം ശുചിത്വ കക്കൂസ് -റിട്രോഫിറ്റിംഗിനായി മേൽ പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്. 21.7.2018 ലെ സർക്കുലർ നം 334/ഡിസി/1/18 തസ്വഭവ പ്രകാരം ഒരു പ്രവൃത്തിക്ക് ചെലവു ചെയ്യാവുന്ന പരമാവധി തുക 9240/- രൂപയാണ്. എന്നാൽ 24 ഗുണഭോക്താകൾക്ക് 9250/-രൂപ നിരക്കിൽ തുക നൽകിയിട്ടുണ്ട്. ഓഡിറ്റ് എൻക്വയറി (നം 14 തിയതി. 11 .8.21)നൽകിയതിനെ തുടർന്ന് അധികം നൽകിയ തുക തിരിച്ചടവാക്കിയിട്ടുണ്ട്.(രശീതി നം.1212401009620 /12.8.21). സർക്കാർ നിർദ്ദേശങ്ങൾ പാലിച്ച് പദ്ധതി നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്

## 1-50 ലൈഫ് ഭവന പദ്ധതി -ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല.

ലൈഫ് ഭവന പദ്ധതി (എസ്..സി), ലൈഫ് ഭവന പദ്ധതി (ജനറൽ) എന്നീ പദ്ധതികൾ പ്രകാരം ധനസഹായം കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.

| ക്രമ നമ്പർ | പ്രൊജക്ട് | ഗുണഭോക്താവിന്റെ പേരും | കരാർ |
|---|---|---|---|
| 1 | S062/20-21 | രാധ ഭാസ്കരൻ | സെപ്തംബർ.2020 |
| 2 | | ശ്രീനിവാസൻ | സെപ്തംബർ.2020 |
| 3 | 36/20-21 | സോഫിയ എൽ | ജൂൺ 2020 |
| 4 | | എൽസി ഐസക്ക് | സെപ്തംബർ 2020 |
| 5 | | ഉഷ സുകുമാരൻ | സെപ്തംബർ 2020 |
| 6 | | തങ്കമ്മ പോൾ | ഡിസംബർ 2020 |
| 7 | | ജോയ്സി ആർതർ | ഡിസംബർ 2020 |
| 8 | | പ്രിയ സജീവൻ | ഡിസംബർ 2020 |
| 9 | | സിലി മോൾ | ഡിസംബർ 2020 |
| 10 | | ഹസീന സജീവ് | ഒക്ടോബർ2020 |
| 11 | | കുമാരി ഗോപി | ഡിസംബർ 2020 |

ഭവന നിർമ്മാണം പൂർത്തിയാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-51 വീട് വാസയോഗ്യമാക്കൽ (ജനറൽ)- അഡ്വാൻസ് കൈപ്പറ്റിയ ഗുണഭോക്താക്കൾ നാളിതുവരെ നിർമ്മാണം പൂർത്തീകരിച്ചില്ല.

പ്രൊജക്ട് നം 2/20-21 വീട് വാസയോഗ്യമാക്കൽ പ്രകാരം ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കളായ രാധാമണി (കെട്ടിട നം15/100), ഗിരിജ (കെട്ടിട നം3/496) എന്നിവർക്ക് അഡ്വാൻസ് ഇനത്തിൽ 15000/- രൂപ നിരക്കിൽ ബിൽ നമ്പർ 16-/20-21തി .23.10.2020 പ്രകാരം പിൻവലിച്ച് നൽകിയിട്ടുണ്ട്. ടി ഗുണഭോക്താക്കൾ നാളിതുവരെ നിർമ്മാണം പൂർത്തീകരിച്ച് അവസാന ഗഡു കൈപറ്റിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി നം.29/തീയതി. 13.8.21) മേൽ ഗുണഭോക്താക്കളുടെ വീട് പണി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിശദ വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-52 വീട് വാസയോഗ്യമാക്കൽ (പട്ടിക ജാതി)- ഗുണഭോക്താക്കൾ നാളിതുവരെ നിർമ്മാണം പൂർത്തീകരിച്ചില്ല.

| പ്രൊജക്ട് നം. | ഗുണഭോക്താവ് | ബിൽ നം/തിയതി | തുക |
|---|---|---|---|
| 308/20-21 | കൊച്ചനിയൻ, അക്കരക്കാരൻ | 3/2020-21<br>28.5.2020 | 20000 |

| | | | |
|---|---|---|---|
| 46/20-21 | വേശു ഉലഹന്നാൻ,<br>വടക്കുംപാടത്ത് | 19/2020-21<br>27.11.2020 | 25000 |

മേൽ ഗുണഭോക്താക്കൾ നാളിതുവരെ നിർമ്മാണം പൂർത്തീകരിച്ച് അവസാന ഗഡുകൈപറ്റിയിട്ടില്ല. ഗുണഭോക്താക്കളുടെ വീട് പണി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-53 ലൈഫ് ഗുണഭോക്താക്കൾക്ക് ടോയ് ലറ്റ് നിർമാണം

പ്രോജക്ട് നമ്പർ. 602/21

നിർവ്വഹണോദ്യോഗസ്ഥൻ-വി.ഇ.ഒ

ഫണ്ട് - സ്വച്ച്ഭാരത് മിഷൻ പെർഫോർമൻസ് ബേയ്സ്ഡ് ഇൻസെന്റീവ് ഗ്രാന്റ്.

ചെലവു തുക – 1404000/- രൂപ

ലൈഫ് മിഷൻ സമ്പൂർണ പാർപ്പിട സുരക്ഷാ പദ്ധതിയിൽ ഉൾപ്പെട്ട വീട്ടു നിർമ്മാണത്തിന് ശുചിമുറി ഉൾപ്പെടെ മുഴുവൻ ചെലവുകൾക്കുമായി അനുവദിച്ചിരിക്കുന്ന യൂണിറ്റ് കോസ്റ്റ് നാലു ലക്ഷം രൂപയാണ്. എന്നാൽ ലൈഫ് ഗുണഭോക്താക്കൾക്ക് ടോയ് ലറ്റ് നിർമാണം എന്ന പ്രോജക്ടിലുൾപ്പെടുത്തി ഗ്രാമ പഞ്ചായത്തിൽ ലൈഫ് പദ്ധതിയിൽ ഉൾപ്പെട്ട 117 ഗുണഭോക്താക്കൾക്ക് ശുചിമുറി നിർമ്മാണത്തിനായി ധനസഹായം അനുവദിച്ചിട്ടുണ്ട്. എന്നാൽ ഇപ്രകാരം ധനസഹായം അനുവദിച്ചപ്പോൾ അത് നാലു ലക്ഷം എന്ന യൂണിറ്റ് കോസ്റ്റിന് മുകളിലായാണ് അനുവദിച്ചത് എന്നു കാണുന്നു. സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന ലൈഫ് ഭവനപദ്ധതിയിലെ ബി.പി.എൽ, എസ്.എസി, എസ്.ടി ഗുണഭോക്താക്കൾക്ക് വ്യക്തിഗത ഗാർഹിക കക്കൂസ് നിർമ്മിക്കാൻ പെർഫോർമൻസ് ഇൻസെന്റീവ് തുക ഉപയോഗിക്കാം എന്നാണ് ഉത്തരവിൽ ഉള്ളത് ( 334/ ഡി.സി/1/18 / തസ്വഭവ Dt 21.07.2018 ). എന്നാൽ ഇപ്രകാരം തുക അനുവദിക്കുമ്പോൾ യൂണിറ്റ് കോസ്റ്റിൽ അധികരിച്ച് നൽകാം എന്ന് ഉത്തരവിലില്ല. ഇക്കാര്യത്തിൽ വ്യക്തത വരുത്തേണ്ടതാണ്.

## 1-54 റോഡു പ്രവൃത്തികൾക്ക് 5% നു പകരം 10% ഓവർഹെഡ് ചാർജ്ജസ് അനുവദിച്ചിരിക്കുന്നു.

( ഓഡിറ്റ് എൻക്വയറി നം. 3 തിയ്യതി 17-8-'21 )

സ.ഉ. (എം.എസ്) 74 / 14 എൽ.എസ്.ജി.ഡി തി. 7-5-'14 പ്രകാരം ഓവർഹെഡ് ചാർജ്ജസ് 5% നിരക്കിലാണ് അനുവദനീയമായിട്ടുള്ളത്. PRICE സോഫ്റ്റ് വെയറിൽ 10% നിരക്കിലാണ് ഓവർഹെഡ് ചാർജ്ജസ് അനുവദിച്ചു വരുന്നത് ഈയിനത്തിൽ കരാറുകാർക്ക് അധിക തുക ലഭിച്ചുകൊണ്ടിരിക്കുന്ന സാഹചര്യം എൽ.എസ്.ജി.ഡി ചീഫ് എൻജിനീയറെ അറിയിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-55 ശ്മശാനം - മെഷീൻ വാങ്ങലും സ്ഥാപിക്കലും - 63 ലക്ഷത്തിലധികം രൂപ ചെലവഴിച്ചിട്ടും ശ്മശാനം പ്രവർത്തനക്ഷമമായിട്ടില്ല

പാണഞ്ചേരി ഗ്രാമപഞ്ചായത്തിൽ നിർമ്മിച്ചിട്ടുള്ള ശ്മശാനം നാളിതുവരെ പ്രവർത്തനക്ഷമമാക്കിയിട്ടില്ല ശ്മശാനത്തിന് മെഷീൻ വാങ്ങിക്കലും സ്ഥാപിക്കലും എന്ന പേരിൽ പ്രോജക്ട് നമ്പർ 284/20, 299/21 പ്രകാരവും ജനറേറ്റർ വാങ്ങുന്നതിന് പ്രോജക്ട് നമ്പർ 358/21 പ്രകാരവും 2019-20, 2020-21വർഷങ്ങളിൽ താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| വർഷം | തുക |
|---|---|
| 2019-20 | 908352 |
| 2020-21 | 1332652 |
| ആകെ | 2241004 |
| 2020-21 ജനറേറ്റർ | 613182 |

പ്രവർത്തിക്കാത്ത ഫർണ്ണസ് മാറ്റി പുതിയത് സ്ഥാപിക്കുന്നതിന് നിർവ്വഹണ ഏജൻസിയായ കോസ്റ്റ് ഫോർഡ് എന്ന സ്ഥാപനത്തിന് നൽകുന്നതിനാണ് 2241004 രൂപ ചെലവഴിച്ചത്. സർക്കാർ ഉത്തരവ് (സാധാ) നം.764/18/തസ്വഭവ. തീയതി 21.3.2018 പ്രകാരം ഇത്തരം പ്രവൃത്തികൾ നിർവ്വഹണം നടത്തേണ്ടത് അസിസ്റ്റന്റ് എഞ്ചിനീയറാണ്. അതിനു പകരം സെക്രട്ടറിയാണ് ഈ പ്രോജക്ടിന്റെ നിർവ്വഹണ ഉദ്യോഗസ്ഥൻ. 2014-15-ൽ ആരംഭിച്ച് നാളിതുവരെ 63,80,186 രൂപ ശ്മശാനത്തിന് വേണ്ടി ചെലവഴിച്ചിട്ടുണ്ട്. 2014-15-ൽ 35.26 ലക്ഷം രൂപ ചെലവഴിച്ച് ആധുനിക ശ്മശാനം പണി കഴിപ്പിച്ചെങ്കിലും ശ്മശാന നടത്തിപ്പ് സംബന്ധിച്ച ബൈലോ 14.11.2017-ൽ മാത്രമാണ് അംഗീകരിച്ചത്. തുടർന്ന് ശ്മശാനം പ്രവർത്തനം ആരംഭിച്ചുവെങ്കിലും ഫർണ്ണസ് നിർമ്മിച്ചതിലെ അപാകത മൂലം പുക മുകളിലേക്ക് പോകാതിരിക്കുകയും പൈപ്പുകൾ ചൂടായി കേടുപാടുകൾ സംഭവിക്കുകയും ചെയ്തു. ഇക്കാരണത്താൽ പ്രവർത്തനം നിർത്തി വച്ച ശ്മശാനത്തിന് 2019-20-ൽ 2272000 രൂപക്ക് പുതിയ ഫർണ്ണസ് സ്ഥാപിക്കുന്നതിന് കോസ്റ്റ് ഫോർഡുമായി കരാർ വച്ചു. 2020-21-ൽ പ്രവൃത്തി പൂർത്തിയായി. 2019-20, 2020-21 വർഷങ്ങളിലായി ഈയിനത്തിൽ 2241004 രൂപ ചെലവഴിച്ച് ഫർണ്ണസിന്റെ പണി പൂർത്തീകരിച്ചു. ശ്മശാനത്തിൽ സ്ഥാപിച്ചിരുന്ന ജനറേറ്ററിന് കപ്പാസിറ്റി കുറവായതിനാൽ നിലവിലുള്ള 10 KVA ജനറേറ്റർ മാറ്റി പുതിയ 15 KVA ജനറേറ്റർ സ്ഥാപിക്കുന്നതിന് പ്രോജക്ട് നമ്പർ 358/21 പ്രകാരം 613182 രൂപ കൂടി ചെലവഴിച്ചു. ഈ തുക ഉൾപ്പെടെ നാളിതുവരെ ആകെ 63,80,186 രൂപ ശ്മശാനത്തിനു വേണ്ടി ചെലവഴിച്ചിട്ടുണ്ട്.

പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ അനുമതി ലഭ്യമായാൽ ശ്മശാനം പ്രവർത്തനം ആരംഭിക്കുമെന്നാണ് ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 37/16.8.2021-ന് മറുപടി നൽകിയത്. ആവശ്യമായ എല്ലാ അനുമതികളും ലഭ്യമാക്കി ശ്മശാനം എത്രയും വേഗം

പ്രവർത്തനക്ഷമമാക്കേണ്ടതാണ്.

## 1-56 മണലിപ്പുഴയിലെ പ്രളയാവശിഷ്ടങ്ങൾ നീക്കം ചെയ്യൽ - ക്വട്ടേഷനോ ടെണ്ടറോ വിളിക്കാതെ 470230/- രൂപയുടെ പ്രവൃത്തി നടത്തി

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രോജക്ട് നമ്പർ 538/21 പ്രകാരം 'ഡിസാസ്റ്റർ മാനേജ് മെന്റ് ജലപ്രയാണം 2020 – മണലിപ്പുഴയിലെ പ്രളയ അവശിഷ്ടങ്ങൾ നീക്കം ചെയ്യൽ എന്ന പ്രോജക്ടിനായി ജില്ലാ പഞ്ചായത്ത് വിഹിതത്തിൽ നിന്നും വൗച്ചർ നമ്പർ 22001440/14.8.2020 പ്രകാരം 470230 രൂപ ഇമ്മാനവൽ എർത്ത് മൂവേഴ്സ്, പീച്ചി എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. പ്രളയാവശിഷ്ടങ്ങൾ നീക്കം ചെയ്യുന്നതിനുള്ള യന്ത്ര സംവിധാനത്തിന്റെ (ഹിറ്റാച്ചി) വാടക, ഡ്രൈവറുടേ ബത്ത, ഡീസൽ വില എന്നീയിനത്തിലാണ് തുക ചെലവഴിച്ചത്. ഫയൽ പരിശോധിച്ചതിൽ പ്രളയാവശിഷ്ടങ്ങൾ നീക്കം ചെയ്യുന്നതു സംബന്ധിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കുകയോ ടെണ്ടർ നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല എന്ന് കാണുന്നു. ക്വട്ടേഷൻ പോലും ക്ഷണിക്കാതെയാണ് പ്രവൃത്തി നിർവ്വഹിച്ചിട്ടുള്ളത്. തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ സർക്കാർ ഉത്തരവ് (പി) നമ്പർ 259/2010 /തസ്വഭവ തീയതി 8.11.2010 പ്രകാരം ഒരു ലക്ഷം രൂപയിൽ കൂടുതൽ മതിപ്പു വിലയുള്ള സാധനങ്ങളോ സേവനങ്ങളോ സമാഹരിക്കുന്നതിന് ഓപ്പൺ ടെണ്ടർ നടപികൾ സ്വീകരിക്കേണ്ടതാണ്. നീക്കം ചെയ്ത അവശിഷ്ടങ്ങളിൽ ഉൾപ്പെടുന്ന മണ്ണ്, മണൽ എന്നിവ പരിശോധിച്ച് ജില്ലാ മണ്ണ് സംരക്ഷണ ഓഫീസർ ആകെ 2731 M3 -ന് 436167 രൂപയുടെ വില നിശ്ചയിച്ചിട്ടുണ്ട്. ഇത് ലേലം ചെയ്ത് കൊടുത്തോ എന്ന വിവരം ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല.

മുകളിൽ പറഞ്ഞ അപാകതകൾക്ക് വിശദീകരണം നൽകുവാൻ ഓഡിറ്റ് അന്വേഷണം നമ്പർ 45/17.8.2021-പ്രകാരം ആവശ്യപ്പെട്ടതിന് മറുപടിയായി 2018-ലേയും 2019-ലേയും പ്രളയാവശിഷ്ടങ്ങൾ അടിയന്തിരമായി നീക്കം ചെയ്യുവാൻ ജില്ലാ കളക്ടർ ആവശ്യപ്പെട്ടതനുസരിച്ചാണ് ടെണ്ടർ വിളിക്കാതെ പ്രവൃത്തി നടത്തിയത് എന്നാണ് അറിയിച്ചത്. എന്നാൽ ഇതു സംബന്ധിച്ച രേഖകളൊന്നും ഫയലിൽ സൂക്ഷിച്ചിട്ടില്ല. 2018-ലേയും 2019-ലേയും പ്രളയാവശിഷ്ടങ്ങൾ 2020 വരേയും നീക്കം ചെയ്യാതെ 2020 ജൂൺ മാസത്തിൽ ടെണ്ടർ നടപടികൾ പോലും സ്വീകരിക്കാതെ അടിയന്തിരമായി ചെയ്യേണ്ടി വന്നു എന്നത് അംഗീകരിക്കാനാകില്ല. ഈയിനത്തിൽ ചെലവഴിച്ച 470230/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

436167 രൂപ മതിപ്പുവില നിശ്ചയിച്ച മണ്ണ്, മണൽ എന്നിവ നാളിതുവരേയും ലേലം ചെയ്ത് കൊടുത്തിട്ടില്ല. ലേലം കൊണ്ടയാൾ തുക അടക്കുന്നതിൽ വീഴ്ച വരുത്തിയതിനാൽ അടുത്ത വ്യക്തിക്ക് അവസരം നൽകിയെങ്കിലും ടിയാനും ലേലതുക അടക്കുന്നതിൽ വീഴ്ച വരുത്തിയതിനാൽ പുനർലേലം നടത്തി 17.8.2021-ലെ പഞ്ചായത്ത് കമ്മിറ്റി ലേലം അംഗീകരിച്ചിട്ടുണ്ട് എന്നാണ് ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് മറുപടി നൽകിയത്. 2020 ജൂൺ മാസത്തിൽ പുഴയുടെ കരയിൽ കൂട്ടിയിട്ട മണ്ണ്, മണൽ എന്നിവ തുടർച്ചയായ രണ്ട് മഴക്കാലം പുഴയോരത്ത് തന്നെ ഇട്ടിരുന്നാൽ ബാക്കി എത്രയുണ്ടാകും എന്നത് ഊഹിക്കാവുന്നതാണ്. മാത്രമല്ല, ഇക്കാലത്ത് വളരെ വില പിടിപ്പുള്ള മണ്ണ്, മണൽ എന്നിവ യാതൊരു സുരക്ഷയുമില്ലാതെ പുഴയോരത്ത് ഇട്ടിരുന്നാൽ മോഷണം പോകുന്നതിനും സാധ്യതയുണ്ട്. ടെണ്ടർ നടപടി പോലും ഒഴിവാക്കി അടിയന്തിരമായി പ്രവൃത്തി നടത്തിയ പഞ്ചായത്ത് അധികൃതർ ഇതേ ശ്രുഷ്കാന്തി മണ്ണ്, മണൽ എന്നിവ ലേലം ചെയ്യുന്നതിലും കാണിച്ചിരുന്നുവെങ്കിൽ പഞ്ചായത്ത് ഫണ്ടിന് അതൊരു മുതൽക്കൂട്ടാകുമായിരുന്നു എന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു. ഇക്കാര്യത്തിൽ സ്വീകരിച്ച തുടർനടപടികളുടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-57 തെരുവ് വിളക്ക് അറ്റകുറ്റപ്പണികൾ - കുടുംബശ്രീ സർക്യൂട്ട് ടെക്നോളജിയെ ഏല്പിച്ചപ്പോൾ ചെലവ് കൂടി

2019-20 സാമ്പത്തിക വർഷത്തിൽ പാണഞ്ചേരി ഗ്രാമപഞ്ചായത്തിൽ തെരുവ് വിളക്ക് അറ്റകുറ്റപ്പണി (പാണഞ്ചേരി, പീച്ചി, വാണിയമ്പാറ മേഖലകൾ), തെരുവ് വിളക്കിന് ഉപകരണങ്ങൾ വാങ്ങൽ എന്നീ ഇനങ്ങളിൽ ആകെ ചെലവ് 18,47,155 രൂപയായിരുന്നു. 2020-21 വർഷം മുതൽ തൃശ്ശൂർ പെരിഞ്ഞനം കുടുംബശ്രീ സർക്യൂട്ട് ടെക്നോളജി എന്ന സ്ഥാപനത്തിന് വാർഷിക പരിപാലന കരാർ പ്രകാരം പരിപാലന ചുമതല നൽകിയിരിക്കുകയാണ്. ഒരു വിളക്കിന് 800 രൂപ നിരക്കിലാണ് (ഡബിൾ ട്യൂബ് ലൈറ്റിന് 900 രൂപ) കരാർ നൽകിയിരിക്കുന്നത്. 2020-21 വർഷത്തിൽ ഈയിനത്തിൽ വികസനഫണ്ടിൽ നിന്നും തനത് ഫണ്ടിൽ നിന്നുമായി ആകെ 2500000 രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. അതായത് തലേ വർഷത്തെ അപേക്ഷിച്ച് 6,52,845 രൂപ അധികം. ഓരോ വർഷവും സ്ഥാപിക്കുന്ന ഊർജ്ജക്ഷമതയും ആയുസ്സും കൂടുതലുള്ള LED വിളക്കുകളുടെ എണ്ണം കൂടി വരുന്നതിനാൽ ആനുപാതികമായി റിപ്പയർ ചാർജ് കുറയുന്നതിനു പകരം ചെലവ് വൻതോതിൽ കൂടുന്ന പ്രവണത അഭിലഷണീയമല്ല.

ഈ വിഷയത്തിലേക്ക് ഭരണ സമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-58 സെക്രട്ടറി നടപ്പാക്കിയ പദ്ധതികൾ - രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവ് തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രോജക്ടുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന രേഖകൾ ഫയലിൽ ലഭ്യമല്ല എന്ന് കാണുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ/പേര് | വൗച്ചർ നമ്പർ/തീയതി | ഫണ്ടിനം | തുക | ഹാജരാക്കാത്ത രേഖകൾ |
|---|---|---|---|---|---|
| 1 | 598/21 | | തനത് | 100000 | സിവിൽ |

| | | | | | |
|---|---|---|---|---|---|
| | വാണിയമ്പാറ മാവേലി സ്റ്റോർ | | | | സപ്ലൈസ് കോർപ്പറേഷന്റെ ധന വിനിയോഗ സാക്ഷ്യ പത്രം |
| 2 | 16/21 എസ്.എസ്.കെ വിഹിതം നൽകൽ | 22001392/2.7.20<br>22001400/9.7.20<br>22001401/9.7.20<br>22001454/9.7.20 | തനത് | 400000<br>400000<br>400000<br>350000<br>----------<br>1550000 | SSK-യുടെ ധനവിനിയോഗ സാക്ഷ്യപത്രം |
| 3 | 17/21 വയോമിത്രം ഗ്രാമപഞ്ചായത്ത് വിഹിതം | 22001413/14.7.20 | പൊതു-സാധാരണ | 300000 | കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ കൈപ്പറ്റ് രസീത്, ധനവിനിയോഗ സാക്ഷ്യപത്രം |
| 4 | 13/21 ഐകെഎം വിഹിതം നൽകൽ | 22001390/1.7.20 | പൊതു-സാധാരണ | 231133 | IKM-ന്റെ കൈപ്പറ്റ് രസീത്, ധന വിനിയോഗ സാക്ഷ്യപത്രം |
| 5 | 134/21 കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ | ലഭ്യമാക്കിയില്ല | ധനകാര്യ കമ്മീഷൻ അവാർഡ് | 200000 | കേരള വാട്ടർ അതോറിറ്റി, പി എച്ച് ഡിവിഷൻ തൃശ്ശൂരിന്റെ കൈപ്പറ്റ് രസീത്, ധന വിനിയോഗ സാക്ഷ്യ പത്രം |
| | | | ആകെ | 731133 | |

മുകളിൽ പറഞ്ഞ രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കാൻ ഓഡിറ്റ് അന്വേഷണം നമ്പർ 44/17.8.2021 പ്രകാരം ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കുകയുണ്ടായില്ല. രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കുന്നതു വരെ ചെലവ് തുക 731133/- രൂപ തടസ്സപ്പെടുത്തുന്നു. ക്രമ.നമ്പർ 1,2 എന്നിവയിൽ സൂചിപ്പിച്ച ധനവിനിയോഗ സാക്ഷ്യ പത്രങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-59 കമ്മ്യൂണിറ്റി ഹാൾ ബേസ് മെന്റ് ഫ്ലോർ നിർമ്മാണം - പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല

2019-20, 2020-21 വർഷങ്ങളിൽ വികസന ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവയിൽ നിന്നും ആകെ 15000000 രൂപ വകയിരുത്തി സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ കമ്മ്യൂണിറ്റി ഹാൾ ബേസ് മെന്റ് ഫ്ലോർ നിർമ്മാണം എന്ന പ്രവൃത്തിക്കായി മേൽ പറഞ്ഞ രണ്ട് വർഷങ്ങളിലായി ആകെ 10188000 രൂപ ചെലവഴിച്ചിട്ടുണ്ട്. സർക്കാർ അംഗീകൃത അക്രഡിറ്റഡ് ഏജൻസിയായ തൃശ്ശൂർ നിർമ്മിതി കേന്ദ്രയാണ് പ്രവൃത്തി ഏറ്റെടുത്ത് നടപ്പാക്കുന്നത്. ബഹുവർഷ പ്രോജക്ടായി 2019-20, 2020-21 വർഷങ്ങളിലായി പ്രവൃത്തി പൂർത്തിയാക്കാൻ ഉദ്ദേശിച്ചിരുന്നുവെങ്കിലും പ്ലാനിങ്ങിലെ പോരായ്മകൾ മൂലം ഇതു വരേയും ബേസ് മെന്റ് ഫ്ലോർ പൂർത്തിയായിട്ടില്ല.

കമ്മ്യൂണിറ്റി ഹാൾ ബേസ് മെന്റ് ഫ്ലോറിന് തൃശ്ശൂർ നിർമ്മിതി കേന്ദ്ര 15000000 രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിരുന്നത്. അതനുസരിച്ച് 58/2019-20/17-12-2019 നമ്പർ എഗ്രിമെന്റ് പ്രകാരം 9 മാസത്തിനകം പ്രവൃത്തി പൂർത്തിയാക്കേണ്ടതായിരുന്നു. ആകെ 4930 ച.ശ്ര അടി വിസ്തീർണ്ണത്തിൽ നിർമ്മിക്കുന്ന കെട്ടിടത്തിന് 60 RCC Piles-ഉം 32 Column-ഉം പ്ലാനിൽ ഉൾപ്പെടുത്തിയിരുന്നു. ഈ എസ്റ്റിമേറ്റ് പഞ്ചായത്ത് അംഗീകരിച്ച് ടെക്നിക്കൽ സാങ്ഷൻ ലഭ്യമാക്കി. നിർമ്മിതി കേന്ദ്രം എഞ്ചിനീയർമാർ സൈറ്റ് പരിശോധിക്കുന്ന സമയം കെട്ടിടം നിർമ്മിക്കാൻ ഉദ്ദേശിച്ചിരുന്ന സ്ഥലം മുഴുവൻ വെള്ളം നിറഞ്ഞ് കിടക്കുകയായിരുന്നു. റോഡ് നിരപ്പിൽ നിന്നും 2.5 മീറ്റർ താഴ്ത്തി മണ്ണ് നീക്കം ചെയ്ത സ്ഥലമായിരുന്നു. തുടർന്ന് മണ്ണ് പരിശോധിച്ചതിൽ Pile Foundation -ന് പകരം Raft Foundation കൊടുത്ത് നടപ്പാക്കുന്നതാണ് ഉചിതം എന്ന് തീരുമാനിച്ചു. അതനുസരിച്ച് റീ കാസ്റ്റ് എസ്റ്റിമേറ്റ് തയ്യാറാക്കി. 30.1.2020 – ലെ പഞ്ചായത്ത് കമ്മിറ്റി സാധാരണ യോഗത്തിലെ 1- 2 നമ്പർ തീരുമാനപ്രകാരം റീ-കാസ്റ്റ് എസ്റ്റിമേറ്റ് അംഗീകരിച്ചു.

12.02.2020-ൽ പണികൾ ആരംഭിച്ചു. സൈറ്റിൽ വെള്ളം നിറഞ്ഞ് കിടക്കുന്നതിനാൽ പിന്നീടും പല പ്രാവശ്യം പണികൾ തടസ്സപ്പെട്ടു. ഈ പ്രവൃത്തിയുമായി ബന്ധപ്പെട്ട ഓഡിറ്റ് നിരീക്ഷണം താഴെ ചേർക്കുന്നു.

1. ബൃഹത്തായ ഒരു നിർമ്മാണ പ്രവൃത്തിയുടെ നിർവ്വഹണ മേൽനോട്ടം പഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയറെ ഏല്പിക്കാതെ സെക്രട്ടറിയെയാണ് നിർവ്വഹണ ചുമതല ഏല്പിച്ചത്.

2. സാങ്കേതിക വിദഗ്ദർ ശാസ്ത്രീയമായി സൈറ്റ് പരിശോധനയോ മണ്ണ് പരിശോധനയോ നടത്താതെയാണ് കമ്മ്യൂണിറ്റി ഹാളിനായി സ്ഥലം തിരഞ്ഞെടുത്തത്.

3. പീച്ചി കനാൽ സമീപത്തു കൂടെ പോകുന്നതു കൊണ്ട് വേനൽകാലത്തും മഴക്കാലത്തും ഒരു പോലെ വെള്ളം നിറഞ്ഞ് കിടക്കുന്ന സ്ഥലമാണ് നിർമ്മാണത്തിനായി തിരഞ്ഞെടുത്തത്.

2019-20, 2020-21 വർഷങ്ങളിലായി ആകെ 1,01,88,000 രൂപ പദ്ധതിക്കായി നിർമ്മിതി കേന്ദ്രയ്ക്ക് നൽകിയിട്ടുണ്ട്. അതിൽ 91,46,000 രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരണ കാലാവധി 30.3.2021 വരെ ദീർഘിപ്പിക്കുന്നതിനുള്ള നിർമ്മിതി കേന്ദ്രയുടെ അപേക്ഷ ഫയലിൽ കാണുന്നുണ്ടെങ്കിലും തുടർന്ന് പ്രവൃത്തി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷയോ അനുമതിയോ കാണുന്നില്ല. പ്രവൃത്തി പൂർത്തീകരണം ദീർഘിപ്പിക്കുന്നതിനായി നിർമ്മിതി കേന്ദ്ര സപ്ലിമെന്ററി എഗ്രിമെന്റ് വച്ചതായും കാണുന്നില്ല.

അപാകതകൾ പരിഹരിച്ച് നിയമപ്രകാരമുള്ള എഗ്രിമെന്റുകൾ വച്ച് പ്രവൃത്തി പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-60 പി എം സി ആയി പ്രവർത്തിക്കാൻ അനുമതിയുള്ള സ്ഥാപനത്തിന് നിർവ്വഹണ ചുമതല നൽകി

2020-21 വർഷത്തിൽ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി താഴെ പറയുന്ന പ്രോജക്ടുകൾ സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡ് (സിൽക്ക്) എന്ന സ്ഥാപനം വഴി നടപ്പാക്കിയിട്ടുണ്ട്. സിൽക്ക് എന്ന സ്ഥാപനം അക്രഡിറ്റഡ് ഏജൻസി എന്ന നിലയിൽ നേരിട്ടാണ് പ്രവൃത്തികൾ നടപ്പാക്കിയിട്ടുള്ളത്.

| പ്രോജക്ട് നമ്പർ/പേര് | ഫണ്ടിനം | ചെലവഴിച്ച തുക |
|---|---|---|
| 102/21 – സോളാർ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ | തനത് ഫണ്ട് | 200000 |
| 89/21 – വാർഡുകളിൽ മിനി മാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കൽ | തനത് ഫണ്ട് | 3016660 |
| 50/21എസ്.റ്റി കോളനികളിൽ മിനി മാസ്ററ് ലൈറ്റ് സ്ഥാപിക്കൽ | തനത് ഫണ്ട് | 579039 |
| | ആകെ | 3795699 |

അക്രഡിറ്റഡ് ഏജൻസികളെ പ്രവൃത്തികൾ ഏൽപ്പിക്കുന്നതിനുള്ള പുതുക്കിയ മാർഗ്ഗരേഖ ജി.ഒ.(പി) നം.311/14/ഫിൻ തീയതി 30.07.2014 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. തുടർന്ന് ഈ മാർഗ്ഗരേഖയ്ക്ക് വിവിധ ഭേദഗതി ഉത്തരവുകളും പുറപ്പെടുവിച്ചിട്ടുണ്ട്. 04.07.2019-ലെ സ.ഉ.(പി)നം.77/2019/ഫിൻ ഉത്തരവിൽ വിവിധ മേഖലകളിൽ അക്രഡിറ്റേഷൻ എടുത്തിട്ടുള്ള സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. സിൽക്ക് എന്ന സ്ഥാപനത്തിന്റെ അക്രഡിറ്റേഷന്റെ വിവരം താഴെ ചേർക്കുന്നു.

| പട്ടികയിലെ ക്രമനമ്പർ | സ്ഥാപനം | അക്രഡിറ്റേഷൻ എടുത്തിട്ടുള്ള വിഭാഗം |
|---|---|---|
| 34 | SILK | സ്റ്റീൽ സ്ട്രക്ച്ചറുകളുടെ ഡിസൈൻ, ഫാബ്രിക്കേഷൻ ഉൾപ്പെടുന്ന കരാർ പ്രവൃത്തികളുടെ ഭാഗമായുള്ള സ്റ്റീൽ സ്ട്രക്ച്ചറുകൾ, ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികൾ, സിവിൽ പ്രവൃത്തികൾ, ജനറൽ സിവിൽ കൺസ്ട്രക്ഷൻ പ്രവൃത്തികൾ എന്നിവ പി.എം.സി ആയി. |

പി.എം.സി (പ്രോജക്ട് മാനേജ് മെന്റ് കൺസൾട്ടന്റ്) ആയി പ്രവർത്തിക്കാനുള്ള അക്രഡിറ്റേഷൻ മാത്രമാണ് സിൽക്ക് എന്ന സ്ഥാപനത്തിനുള്ളത്.ഇത്തരം സ്ഥാപനത്തെ പ്രോജക്ട് മാനേജ് മെന്റ് കൺസൾട്ടന്റ് ആയി ചുമതലപ്പെടുത്താവുന്നതാണ്. അതിന് പ്രതിഫലമായി പ്രോജക്ട് കോസ്റ്റിന്റെ പരമാവധി 2% വരെ PMC ചാർജ് ആയി നൽകാവുന്നതുമാണ്. സ.ഉ.(പി)നം.95/2017/ഫിൻ തീയതി 25.07.2017 പ്രകാരം PMC ആയി തിരഞ്ഞെടുക്കപ്പെടുന്ന

സ്ഥാപനം സുതാര്യമായ രീതിയിൽ ടെണ്ടർ നടപടികൾ സ്വീകരിച്ച് പ്രവൃത്തി നിർവ്വഹിക്കേണ്ട കരാറുകാരനെ തിരഞ്ഞെടുക്കേണ്ടതാണ്. തുടർന്നുള്ള പണമിടപാടുകൾ തദ്ദേശ സ്ഥാപനവും കരാറുകാരനും തമ്മിൽ ആയിരിക്കേണ്ടതാണ്. PMC ആയി പ്രവർത്തിക്കുന്ന സ്ഥാപനത്തിന് നേരിട്ട് പ്രവൃത്തി നിർവ്വഹിക്കുവാൻ സാധിക്കുകയില്ല. അതിനാൽ സിൽക്ക് എന്ന സ്ഥാപനത്തിനെ മേൽപറഞ്ഞ പ്രവൃത്തി നേരിട്ട് നിർവ്വഹിക്കുവാൻ ഏല്പിക്കാവുന്നതല്ല.ടി സ്ഥാപനത്തെ പ്രോജക്ട് മാനേജ് മെന്റ് കൺസൾട്ടന്റായി നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് നിയമിക്കാവുന്നതും കൺസൾട്ടൻസി ചാർജ് നൽകാവുന്നതുമാണ്.

മേൽനിർദ്ദേശങ്ങൾ പാലിക്കാതിരുന്നതിന് വിശദീകരണം നൽകേണ്ടതും ഇത്തരം അപാകതകൾ ആവർത്തിക്കുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-61 കാലി ബാരലിന്റെ വില ഈടാക്കിയിട്ടില്ല.

( ഓഡിറ്റ് എൻക്വയറി നം. 2 തിയ്യതി 24-6-'21 )

റോഡു പ്രവൃത്തികളുമായി ബന്ധപ്പെട്ട് ബിറ്റുമിൻ ഉപയോഗിച്ചുള്ള സ്പെസിഫിക്കേഷനുകൾ ഉൾപ്പെടുന്ന എസ്റ്റിമേറ്റുകളിൽ പാക്ക്ഡ് ബിറ്റുമിൻ വിലയാണ് ചേർത്തിട്ടുള്ളത്. ഈ സാഹചര്യത്തിൽ കാലി ബാരലിന് 238+18% GST ഈടാക്കേണ്ടതുണ്ടായിരുന്നുവെങ്കിലും ഇപ്രകാരം ചെയ്തിട്ടില്ല. ബിറ്റുമിൻ ഉപയോഗിച്ച് നടത്തിയറോഡ് പ്രവൃത്തികളിൽ കാലി ബാരലിന്റെ വില കണക്കാക്കി ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കേണ്ടതും പ്രസ്തുത തുക പ്രവൃത്തിക്കു വേണ്ടി ചെലവു ചെയ്ത ശീർഷകത്തിൽ അടവാക്കേണ്ടതും വിവരം ഓഡിറ്റിന് യഥാസമയം നൽകേണ്ടതുമാണ്.

## 1-62 HMC- ഗവ. ആയുർവേദ ഡിസ്പെൻസറി ,പാണഞ്ചേരി വാർഷിക കണക്കുകൾ ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല

( ഓഡിറ്റ് എൻക്വയറി നം. 2 തിയ്യതി 6-8-'21 )

2010 ലെ കേരള പഞ്ചായത്ത് രാജ് ( പൊതു ജനാരോഗ്യ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള മാനേജ്മെന്റ് കമ്മിറ്റി ചട്ടങ്ങൾ, സ.ഉ (ആർ.റ്റി ) 3379 / 14 എച്ച്. എഫ് ഡബ്ളിയു.ഡി തി 3-12-04 എന്നിവയ്ക്കു വിധേയമായി 2016 ൽ രൂപം കൊണ്ടിട്ടുള്ള HMC 2019-20,2020-21 എന്നീ സാമ്പത്തിക വർഷത്തെ കണക്കുകൾ തയ്യാറാക്കി ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ഇക്കാര്യത്തിൽ ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 പട്ടികജാതി,പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് പിവിസി വാട്ടർ ടാങ്ക്-ഒരേ സ്പെസിഫിക്കേഷനിൻ ഉള്ള സാധനങ്ങൾ വാങ്ങുന്നതിന് വ്യത്യസ്ത ടെണ്ടർ രീതികൾ സ്വീകരിച്ചു-41915/-രൂപയുടെ നഷ്ടം സംഭവിച്ചു

അസി സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2020-21 വർഷത്തിൽ പട്ടികജാതി,പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് പിവിസി വാട്ടർ ടാങ്ക് വാങ്ങിനൽകുന്ന പദ്ധതി നടപ്പാക്കുകയുണ്ടായി.രണ്ട് പദ്ധതികളുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| 1. പ്രോജക്ട് നമ്പർ | 72/21/പട്ടികജാതികുടുംബങ്ങൾക്ക് പിവിസി വാട്ടർ ടാങ്ക് |
| അടങ്കൽ | 668000 (501000 Scp Fund+167000 Benificiary Contribution) |
| ചെലവ് | 668000 |
| ടെണ്ടർ നടപടി | ഇ-ടെണ്ടർ |
| ടെണ്ടർ നോട്ടീസ് | 14/08/2020 |
| ടെണ്ടർ സ്വീകരിക്കുന്ന അവസാന തീയ്യതി | 03/9/2020 |

| | |
|---|---|
| ടെണ്ടർ നൽകിയത് | സൗത്ത് ഇൻ പോളിമേഴ്സ്,തേൻകുറുശ്ശി,പാലക്കാട് |
| ടെണ്ടർ നിരക്ക് | Rs 2845/numbern |
| 1.വൗച്ചർ നം.22001477/3.10.2020<br>2.വൗച്ചർ നം.22001630/12.10.2020<br>3.വൗച്ചർ നം.22001657/21.10.2020<br>4.വൗച്ചർ നം.22001652/13.10.2020<br>5.ഗുണഭോക്തൃ വിഹിതം-വൗച്ചർ നം.22001777/14.10.2020 | 170700<br>170700<br>74220<br>85380<br>167000/- |

| | |
|---|---|
| 11.പ്രോജക്ട് നമ്പർ | 252/21/പട്ടികവർഗ്ഗകുടുംബങ്ങൾക്ക് പിവിസി വാട്ടർ ടാങ്ക് |
| അടങ്കൽ | 280000(210000TSP Fund+70000benificiary Contribution) |
| ചെലവ് | 278050(208579TSP Fund+69471benificiary Contribution) |
| ടെണ്ടർ നടപടി | ഓപ്പൺ ടെണ്ടർ |
| ടെണ്ടർ നോട്ടീസ് | 14/08/2020 |
| ടെണ്ടർ സ്വീകരിക്കുന്ന അവസാന തീയ്യതി | 03/9/2020 |
| ടെണ്ടറിൽ പങ്കെടുത്തവരും,ക്വോട്ട് ചെയ്ത നിരക്കും | 1.Carries Pipes &Tubes Pvt Ltd--3500 /-<br>2.south In Polymers Vilayannur Pvt Ltd -2845 /-<br>3.Majeed V M Valiyakath,Thanipadam -3350/- |
| ടെണ്ടർ നൽകിയത് | Majeed V M Valiyakath,Thanipadam |
| ടെണ്ടർ നിരക്ക് | Rs3350 /Number |
| വൗച്ചർ നമ്പർ | 1.22001483/7.10.2020 -208579 /-<br>2.22000910/27.11.2020 – 69471 /- |

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു

1. മേൽ രണ്ട് പ്രേജക്ടുകളും നിർവ്വഹണം നടത്തിയത് അസി സെക്രട്ടറി തന്നെയാണ്.ഒരേ ദിവസമാണ് രണ്ട് പദ്ധതികൾക്കും ഭരണാനുമതി ലഭിച്ചിട്ടുള്ളത്( 1/17.3.2020).ഒരേ ആവശ്യത്തിന് ഒരേ ദിവസം ടെണ്ടർ നോട്ടീസ് നൽകി ടെണ്ടർ ക്ഷണിച്ച് രണ്ട് രീതിയിലാണ് നിർവ്വഹണം (ഇ-ടെണ്ടർ&ഓപ്പൺ ടെണ്ടർ )നടത്തിയിരിക്കുന്നത്.അടങ്കൽ 5,00,000 രൂപയിൽ അധികരിച്ചതിനാൽ പട്ടികജാതികുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് നൽകൽ പദ്ധതിയ്ക്ക് ഇ-ടെണ്ടർ നടപടികൾ സ്വീകരിച്ചു.അടങ്കൽ 5,00,000രൂപയിൽ കുറവായതിനാൽ പട്ടികവർഗ കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് നൽകൽ പദ്ധതിയ്ക്ക് സാധാരണ ടെണ്ടർ നടപടികളും സ്വീകരിച്ചു.ഒരേ സ്പെസിഫിക്കേഷൻ പ്രകാരമുള്ള വാട്ടർ ടാങ്കുകൾ വാങ്ങി നൽകുക എന്ന ഒരേ രീതിയിലുള്ള പ്രോജക്ട് നടപ്പാക്കുന്നതിന് പഞ്ചായത്ത് രണ്ട് ടെണ്ടർ നടപടികൾ സ്വീകരിച്ചു.ഇപ്രകാരം ടെണ്ടർ നടപടികൾ സ്വകരിച്ചതിനാൽ ഇ-ടെണ്ടർ നടപടികളിലൂടെ 2845/- രൂപയ്ക്ക് എസ്.സി വിഭാഗത്തിനും ,സാധാരണ ടെണ്ടറിലൂടെ 3350 - രൂപയ്ക്ക് എസ്.ടി വിഭാഗത്തിനും വാട്ടർ ടാങ്കുകൾ വാങ്ങി വിതരണം ചെയ്യുകയാണ് ചെയ്തിട്ടുള്ളത്. ഇ ടെണ്ടർ നടപടി രണ്ട് പദ്ധതികൾക്കും സ്വീകരിച്ചിരുന്നുവെങ്കിൽ രണ്ട് പദ്ധതികൾക്കും ഒരേ നിരക്കിലുള്ള വാട്ടർടാങ്കുകൾ വിതരണം ചെയ്യാൻ സാധിക്കുമായിരുന്നു.ഇപ്രകാരം ടെണ്ടർ നടപടി സ്വീകരിച്ചതിനാൽ ടി. എസ് . പി ഫണ്ട് വിനിയോഗിച്ച് 83എണ്ണം

വാട്ടർടാങ്കുകൾ വാങ്ങിയപ്പോൾ 41915 - രൂപയുടെ നഷ്ടം (83x3350-83x2845) പഞ്ചായത്തിന് സംഭവിക്കുകയുണ്ടായി മാത്രമല്ല രണ്ട് പ്രോജക്ടുകൾക്കും രണ്ട് തുക ഗുണഭോക്തൃവിഹിതമായി പരിക്കേണ്ടിയുംവന്നു.എസ്.സി പ്രോജക്ടിന് 712 / - രൂപയും എസ്.ടി പ്രോജക്ടിന് 838/- രൂപയും പിരിക്കേണ്ടി വന്നു. രണ്ട് പ്രോജക്ടുകൾ ആയതിനാലാണ് രണ്ട് രീതിയിൽ നടപ്പാക്കിയതെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയിട്ടുള്ളത് .ഈ മറുപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.ഒരേ ഇനത്തിലുള്ള സാധനങ്ങൾ ഒരുമിച്ച് ടെണ്ടർ നടത്തി മത്സരം ഉറപ്പ് വരുത്തി,നിശ്ചിത സ്പെസിഫിക്കേഷനുള്ള സാധനങ്ങൾക്ക് നിരക്കിൽ പരമാവധി വിലകുറവ് ലഭ്യമാക്കുക എന്നതാണ് സ്റ്റോർ പർച്ചേസ് മാന്വലിലെ നിർദ്ദേശം. ഈ നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല. കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 40(b) പ്രകാരം പൊതുപണം കൈകാര്യചെയ്യുന്ന ഏതൊരു ഉദ്യോഗസ്ഥനും ആയത് കൈകാര്യം ചെയ്യുമ്പോൾ സ്വന്തം പണം വിനിയോഗിക്കുമ്പോൾ സ്വീകരിക്കുന്ന അച്ചടക്കം പാലിക്കേണ്ടതാണെന്ന നിർദ്ദേശവും പാലിച്ചുകാണുന്നില്ല.സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 6.1 പ്രകാരം സാധനങ്ങൾ വാങ്ങുമ്പോൾ ഒരുവർഷത്തേക്ക് ആവശ്യകത മുൻകൂട്ടി കണ്ട് ടെണ്ടർ നടപടി സ്വീകരിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.ആയതും പാലിച്ചു കാണുന്നില്ല.

2. പട്ടികവർഗ്ഗകുടുംബങ്ങൾക്ക് പിവിസി വാട്ടർ ടാങ്ക്(252/21) എന്ന പദ്ധതിയുടെ ടെണ്ടറിൽ പങ്കെടുത്ത് കുറഞ്ഞ നിരക്ക് (2845/-)രേഖപ്പെടുത്തിയ South In Polymers Vilayannur Pvt Ltd എന്ന സ്ഥാപനത്തെ ടെണ്ടർ ടാബുലേഷൻ സ്റ്റേറ്റ്മെന്റിൽ കാരണം രേഖപ്പെടുത്താതെ Invalid ആയി കണക്കാക്കിയിരുന്നു.ആയതിന്റെ കാരണം വ്യക്തമാക്കുവാൻ ഓഡിറ്റ് എൻക്വയറി 13/10.8.2021 മുഖേന ആവശ്യപ്പെട്ടിരുന്നു .പട്ടികജാതി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് (72/21) എന്ന പദ്ധതിയുടെ ഇ ടെണ്ടറിൽ പങ്കെടുത്ത South In Polymers എന്ന സ്ഥാപനത്തിന്റെ ടെണ്ടർ ഹാർഡ് കോപ്പി തെറ്റായി വച്ചതിനാലാണ് ടാബുലേഷനിൽ ചേർത്തുപോയത് എന്ന് മറുപടി നൽകിയിട്ടുള്ളത്.

3.03/9/2020ലെ പ്രൊക്യുവർമെന്റ് കമ്മറ്റിയുടെ തീരുമാനത്തിൽ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത South In Polymers ഉൾപ്പെട്ടിട്ടില്ല. ശ്രീ. മജീദിന്റെ ടെണ്ടർ ആണ് പ്രൊക്യുവർമെന്റ് കമ്മറ്റി തെരഞ്ഞെടുത്തിട്ടുള്ളത്.

4.ടെണ്ടർ രജിസ്റ്ററിൽ South In Polymers Vilayannur Pvt Ltd ,ശ്രീ. മജീദ്,Carries Pipes &Tubes Pvt Ltd എന്ന മൂന്ന് സ്ഥാപനങ്ങളും പങ്കെടുത്തതായും ഇതിൽ South In Polymers നെ ഇ എം.ഡി,ടെണ്ടർ ഫോം എന്നിവ നൽകാത്തതിനാൽ Invalid ആയി കണക്കാക്കിയതായും രേഖപ്പെടുത്തിയിരിക്കുന്നു.ടെണ്ടർ രജിസ്റ്ററിൽ ടെണ്ടറിൽ പങ്കെടുത്തവർ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല. ഇതിൽ നിന്നും ടെണ്ടറുകൾ ടെണ്ടറിൽ പങ്കെടുത്തവരുടെ സാന്നിദ്ധ്യത്തിൽ തുറക്കണം എന്ന നിബന്ധന പാലിച്ചതായും ഉറപ്പ് വരുത്താനായിട്ടില്ല.

5.പ്രൊക്യുവർമെന്റ് കമ്മറ്റിയുടെ മിനിറ്റ്സ്,ടെണ്ടർ ടാബുലേഷൻ സ്റ്റേറ്റ്മെന്റ്,ടെണ്ടർ രജിസ്റ്റർ എന്നിവയിൽ ടെണ്ടർ സംബന്ധിച്ച് വ്യത്യസ്തമായ രേഖപ്പെടുത്തലുകൾ ആണ് വരുത്തിയിട്ടുള്ളത്.ടെണ്ടറുകൾ അശ്രദ്ധമായും ,തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള സ.ഉ(പി)259/2010 തസ്വഭവ തീ.8.11.2010 ലെ നിർദ്ദേശങ്ങൾ പാലിക്കാതെ ടെണ്ടർ നടപടികൾ സ്വീകരിച്ചതായി ഓഡിറ്റ് വിലയിരുത്തുന്നു.

ടെണ്ടർമാനദണ്ഡങ്ങൾ പാലിക്കുന്നതിലെ അപാകതമൂലം പഞ്ചായത്തിനുണ്ടായ 41915 - രൂപയുടെ നഷ്ടം ഓഡിറ്റിൽ നിരാകരിക്കുന്നു.

(ഓഡിറ്റ് എൻക്വയറി 13/10.08.2021)

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ചെലഴിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 150000 | സാന്ത്വന പരിചരണ പരിപാടി | 150000 | 0 |
| | | 1405000 | ലൈഫ് ഭവന പദ്ധതി (പട്ടികജാതി വിഭാഗം) | 1405000 | 0 |
| | | 425000 | ക്ഷീരസംഘങ്ങൾ മുഖേന വിതരണം ചെയ്യുന്ന പാലിന് സബ്സിഡി | 425000 | 0 |
| | | 400000 | ജീവനി പച്ചക്കറി കൃഷി (കൂലിചെലവ്) | 400000 | 0 |
| | | 3000000 | ലൈഫ് ഭവന പദ്ധതി (പൊതുവിഭാഗം) | 3000000 | 0 |
| | | 410000 | പച്ചക്കറി കൃഷി വനിതകൾക്ക് (വിത്ത്, വളം, കൂലിചെലവ്) | 410000 | 0 |
| | | 444482 | ലൈഫ് ഭവന പദ്ധതി (പട്ടികവർഗ്ഗ വിഭാഗം) | 444482 | 0 |

| | | | | | |
|---|---|---|---|---|---|
| | | 300000 | അംഗൻവാടി അനുപൂരക പോഷകാഹാരം | 300000 | 0 |
| | | 300000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 300000 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 1500000 | ക്ഷീരസംഘങ്ങൾ മുഖേന വിതരണം ചെയ്യുന്ന പാലിന് സബ്സിഡി | 1500000 | 0 |
| | | 298939 | സാന്ത്വന പരിചരണ പരിപാടി | 298939 | 0 |
| | | 217500 | പട്ടിക ജാതി വയോജനങ്ങൾക്ക് കട്ടിൽ | 217500 | 0 |
| | | 115800 | ജലരക്ഷ, ജീവരക്ഷ, മണലിപ്പുഴ സംരക്ഷണം | 115800 | 0 |
| | | 360000 | ലൈഫ് ഭവന പദ്ധതി (പൊതുവിഭാഗം) | 360000 | 0 |
| | | 435000 | വയോജനങ്ങൾക്ക് കട്ടിൽ വിതരണം | 435000 | 0 |
| | | 500000 | ശ്മശാനം മെഷീൻ വാങ്ങലും സ്ഥാപിക്കലും | 500000 | 0 |
| | | 1000000 | ഗ്രാമശ്രീ റോഡ് | 1000000 | 0 |
| | | 299941 | അംഗൻവാടികൾക്ക് ഫർണ്ണീച്ചർ വാങ്ങൽ | 299941 | 0 |
| | | 741408 | പയ്യനം വീണ്ടാശ്ശേരി വിലങ്ങന്നൂർ റോഡ് വാർഡ് 17 | 741408 | 0 |
| | | 615877 | വിലങ്ങന്നൂർ എസ്.ടി കോളനി സമഗ്ര വികസനം | 615877 | 0 |
| | | 350020 | പയ്യനം എസ്.ടി കോളനി റോഡ് കാന നിർമ്മാണം | 350020 | 0 |
| | | 470230 | ഡിസാസ്റ്റർ മാനേജ്മെന്റ് ജല പ്രയാണം 2020 – മണലിപ്പുഴയിലെ പ്രളയ അവശിഷ്ടങ്ങൾ നീക്കം ചെയ്യൽ | 470230 | 0 |
| | | 1395609 | തമ്പുരാട്ടി പറമ്പ് മണ്ടൻചിറ റോഡ് | 1395609 | 0 |
| | | 163700 | ശാരീരികവും മാനസികവുമായ വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 163700 | 0 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ | | 13,04,312 | 13,04,312 | |
| | ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ | | 1,03,619 | 1,03,619 | |
| കെ.ഡബ്ല്യു.എ | പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | | 1325000 | 1325000 | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

വാർഷിക കണക്ക് ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-5 പ്രകാരം 1,39,97,667/- രൂപ തിരിച്ചടക്കുവാൻ അവശേഷിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്, എന്നാൽ ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. വാർഷിക കണക്ക് പരിശോധനയിൽ വിവരം പരാമർശിച്ചിട്ടുണ്ട്.

## 4-5 സ്ഥിര നിക്ഷേപം

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുന്ന ഖണ്ഡികകളുടെ വിവരം

വിവരങ്ങൾ ലഭ്യമല്ല

## 4-8 ചാർജ്ജ്/സർച്ചാർജ്ജ് നടപടികളുടെ വിവരം

ലഭ്യമല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 180886563 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 198399092 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 41,915 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 68,14,141 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 41,915 | ശ്രീ.വാസുദേവൻ.പി, അസി.സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-39 | 2,50,000 | ഡോ.വിജോയ് ജോസഫ്.സി, മെഡിക്കൽ ഓഫീസർ, ഹോമിയോ ഡിസ്പെൻസറി, പാണഞ്ചേരി |
| 1-41 | 14,92,593 | ശ്രീമതി.നിർമ്മലാദേവി.പി.സി, ഹെഡ്മിസ്ട്രസ്സ്, ജി.എൽ.പി.എസ്, പട്ടിക്കാട് |
| 1-43 | 17,49,485 | ശ്രീ.വാസുദേവൻ.പി, അസി.സെക്രട്ടറി |
| 1-44 | 10,03,635 | ശ്രീ.അഭിമന്യു.ടി.ആർ, കൃഷി ഓഫീസർ |
| 1-46 (3) | 42,510 | ഡോ.ശ്രീജ.വി, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 1-46 (4) | 10,74,555 | ഡോ.ശ്രീജ.വി, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 1-56 | 4,70,230 | ശ്രീ.പ്രദീപ്.കെ, സെക്രട്ടറി |
| 1-58 | 7,31,133 | ശ്രീ.പ്രദീപ്.കെ, സെക്രട്ടറി |
| ആകെ | 5447076 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന തടസ്സത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും, ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| | സമയത്തെ) ഔദ്യോഗിക മേൽവിലാസം | |
| ശ്രീ.പ്രദീപ്.കെ, സെക്രട്ടറി | സെക്രട്ടറി, നടത്തറ ഗ്രാമപഞ്ചായത്ത് | കോമ്പിയിൽ ഹൗസ്, പൂങ്കുന്നം, തൃശ്ശൂർ. |
| ശ്രീ.വാസുദേവൻ.പി, അസി.സെക്രട്ടറി | അസി.സെക്രട്ടറി, പാണഞ്ചേരി ഗ്രാമപഞ്ചായത്ത് | പെരുനെല്ലി വീട്, പുതിയാർകുളങ്ങര.പി.ഒ, തൃശ്ശൂർ. |
| ശ്രീമതി.നിർമ്മലാദേവി.പി.സി, ഹെഡ്മിസ്ട്രസ്സ്, ജി.എൽ.പി.എസ്, പട്ടിക്കാട് | ഹെഡ്മിസ്ട്രസ്സ്, ജി.എൽ.പി.എസ്, പട്ടിക്കാട് | ചൈത്രം, എരവിമംഗലത്ത് ഹൗസ്, എരവിമംഗലം.പി.ഒ, തൃശ്ശൂർ. |
| ശ്രീ.അഭിമന്യു.ടി.ആർ, കൃഷി ഓഫീസർ | കൃഷി ഓഫീസർ, പാണഞ്ചേരി ഗ്രാമപഞ്ചായത്ത് | തോപ്പിൽ ഹൗസ്, കല്ലൂർ.പി.ഒ, തൃശ്ശൂർ-680317. |
| ഡോ.ശ്രീജ.വി, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, വാണിയംപാറ | ചാന്ദ്നി, ശാന്തിനഗർ, മണ്ണുത്തി. |
| ഡോ.വിജോയ് ജോസഫ്.സി | മെഡിക്കൽ ഓഫീസർ, ഹോമിയോ ഡിസ്പെൻസറി, പാണഞ്ചേരി | ചാമവളപ്പിൽ ഹൗസ്, തലോർ, തൃശ്ശൂർ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1992-93,1993-94 | എൽ .എഫ്.ടി9-1660/95/ 6.2.96 |
| 1994-95,95-96 | എൽ . എഫ്. ടി9- 1646/ 7.2.98 |
| 1996-97 ചെലവ് | എൽ.എഫ്.ടി11- 1430/ 98/12.4.99 |
| 1996-97ഫൈനൽ | എൽ . എഫ്. ടി11- 1344/ 06/15.5.07 |
| 1997-98ചെലവ് | എൽ . എഫ്. ടി11-1428/ 98/12.4.99 |
| 1997-98 | എൽ.എഫ്. ടി11- 1345/06/ 15.5.07 |
| 1998-99ചെലവ് | എൽ . എഫ്. ടി11- 1143/00/ 6.6.00 |
| 1998-99ഫൈനൽ | എൽ.എഫ്.ടി11-1761/07/ 24.5.08 |
| 99-00ചെലവ് | എൽ.എഫ്.ടി11-757/03/ 15.9.03 |
| 99-00ഫൈനൽ | എൽ.എഫ്.ടി11-2364/07/ 27.5.08 |
| 00-01, 01-02 ഫൈനൽ | എൽ.എഫ്.ടി11-287/04/ 21.5.04 |
| 2000-01,2001-02 | എൽ.എഫ്.ടി11-1734/07/ 25.5.08 |
| 2002-03 | എൽ.എഫ്.ടി11-1048/08/ 31.8.09 |
| 2003-04 | എൽ.എഫ്.ടി11-1049/08/ 31.8.09 |
| 2004-05 | എൽ .എഫ്.ടി11-291/09 |
| 2005-06 | എൽ.എഫ്.ടി11-1738/13.3.10 |
| 2006-07 | എൽ .എഫ്.ടി11-1739/12/ 24.7.10/10.12.10 |
| 2007-08 | എൽ .എഫ്.ടി.4-88/12/ 30.3.12 |
| 2008-09 | എൽ .എഫ്.ടി.പി.4-89/12/ 31.3.12 |
| 2009-10 | എൽ .എഫ്.ടി.പി 4-90/12/ 9.4.12 |

| | |
|---|---|
| 2010-11 | എൽ .എഫ്.ടി.പി.4-91/12/ 4.4.12 |
| 2011-12 | എൽ .എഫ്.ടിപി.4-855/13/ 7.9.13 |
| 2012-13 | എൽ .എഫ്.ടിപി.8-218/14/ 16.9.14 |
| 2013-14 | എൽ .എഫ്.ടി.പി8-13/15/ 8.5.15 |
| 2014-15 | എൽ .എഫ്.ടി.പി.8-1064/16/ 30.6.16 |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ(പി8)1891/16 തീയതി 01.11.2016 |
| 2016-17 | കെ.എസ്.എ.ടി.എസ്.ആർ(പി8)1630/17 തീയതി 29.11.2017/18.12.2017 |
| 2017-18 | കെ.എസ്.എ.ടി.എസ്.ആർ(പി8)799/2019 തീയതി.11.06.2019/17.06.2019 |
| 2018-19 | കെ.എസ്.എ.ടി.എസ്.ആർ(പി8)322/2020 തീയതി.21.05.2020 |
| 2019-20 | കെ.എസ്.എ.ടി.എസ്.ആർ(പി11)1204/2021, തീയതി.17.03.2022 |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം,

തൃശ്ശൂർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ പാണഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ പാണഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്